KOTTAYAM PUBLIC LIBRARY

Call No 910 Acc. No 13300

Author മൊയ്തുഹാജി. പി

Title ഞാൻ കണ്ട അറേബ്യാ

19258

# ഞാൻ കണ്ട അറേബ്യ

13309

ഗ്രന്ഥകർത്താ:

പി. മൊയ്തൂഹാജി

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

1950] [വില: 12ണ.

M 910

*First Edition 1000 Copies.*

Regd. Publishers:
**P. K. BROTHERS, KOZHICODE.**

**Regd. No. 66.**

Copyright to Publishers

PRINTED AT
TRE ARUNODAYAM PRESS,
WADAKANCHERY.

# പ്രസ്താവന

ഞാൻ ആയിരത്തിതൊള്ളായിരത്തി നാല്പത്തഞ്ചിൽ ഒരു അറേബ്യ്യൻ പര്യ്യടനം നടത്തുവാൻ ആലോചിക്കുകയും പ്രസ്തുതവിവരം മദിരാശിയിലെ "ഡെക്കാൻ ടൈംസ്" പത്രാധിപക്ക് ഞാൻ അയച്ചിരുന്ന ഒരു എഴുത്തിൽ വെളിപ്പെടുത്തുകയുമുണ്ടായി. അദ്ദേഹം എന്റെ സദുദ്യമത്തിൽ പത്രദ്വാര എനിക്കു സർവ്വമംഗളങ്ങളും ആശംസിക്കുകയും അതാതവസരത്തിൽ എല്ലായാത്രാനുഭവങ്ങളും പ്രസിദ്ധീകരണാർത്ഥം അദ്ദേഹത്തിന്ന് എഴുതി അയക്കുമെന്ന് ആശപ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ അവിചാരിതമായ ചില അസൌകര്യ്യങ്ങൾ നിമിത്തം അക്കൊല്ലത്തിൽ യാത്രപുറപ്പെടുവാൻ സാധിക്കാതെവന്നു. 1946-ൽ ഞാൻ വീണ്ടും യാത്രക്കൊരുങ്ങി. ആദ്യം മദിരാശിവഴിക്കു യാത്ര ചെയ്യാൻ ഉദ്ദേശിച്ചിരുന്നതിനാൽ മദിരാശിയിൽ വെച്ചു "ഡെക്കാൻ ടൈംസ്" പത്രാധിപരെ നേരിട്ടുകാണാമെന്നുദ്ദേശിച്ചു വിവരത്തിന്ന് എഴുത്തയക്കുകയുണ്ടായില്ല. എങ്കിലും അപ്രതീക്ഷിതമായ ചില സംഗതികളാൽ—അവ ഒന്നാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്—യാത്ര മദിരാശിയിൽക്കൂടിയാവുന്നതിന്നു പകരം മൈസൂരിൽക്കൂടെ വേണ്ടിവന്നു. വഴിമദ്ധ്യേവെച്ച് അദ്ദേഹം ആശിച്ച തരത്തിലുള്ള ലേഖനങ്ങൾ എഴുതി അയക്കുന്നതു് അത്ര എളുപ്പമല്ലെന്നും കണ്ടു. അതുകൊണ്ട് ആ ഒരു സാഹസത്തിന്നു ഞാൻ ഒരുമ്പെട്ടതേയില്ല. ഒടുവിൽ യാത്ര കഴിഞ്ഞു 1947-ൽ വീട്ടിൽ തിരിച്ചെത്തിയ ശേഷം വിവരത്തിന്നു ഞാൻ അ

ദ്ദേഹത്തിന്നു് ഒരെഴുത്തയക്കുകയുണ്ടായി. പത്രദ്വാരാ അദ്ദേഹം എന്നെ അനുമോദിക്കുകയും മുഴുവൻ യാത്രയുടേയും ഒരു സംക്ഷിപ്തവിവരണം പ്രസിദ്ധീകരണാൎത്ഥം അയച്ചു കൊടുക്കുവാൻ എന്നോടാവശ്യപ്പെടുകയും ചെയ്തു. കൃത്യാന്തരബാഹുല്യത്താൽ ഈ ജോലി നിൎവ്വഹിപ്പാൻ അപ്പോൾ സാദ്ധ്യമായില്ല. അതങ്ങിനെ നീട്ടിക്കൊണ്ടു പോകേണ്ടിവന്നു. എത്രയോ പ്രോത്സാഹനങ്ങൾ ലഭിച്ചിട്ടും ഇക്കാൎയ്യത്തിൽ ഇനിയും അമാന്തിക്കുന്നതു് അക്ഷന്തവ്യമായ ഒരപരാധമായിരിക്കുമെന്നുള്ള പൂൎണ്ണവിശ്വാസത്താൽ എന്റെ വിവിധജോലിത്തിരക്കുകളുടെ ഇടയിൽതന്നെ ഞാൻ ഈ കാൎയ്യനിൎവ്വഹണത്തിന്നും ഒരുമ്പെട്ടു. ഈ വിവരമറിയുവാനിടയായ എന്റെ സുഹൃത്തുക്കളിൽ ചിലർ മലയാളഭാഷയിൽ യാത്രാവിവരങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ വളരെ വിരളമാണെന്നും അതുകൊണ്ടു് എന്റെ യാത്രാവിവരങ്ങൾ മലയാളഭാഷയിൽ ഒരു പുസ്തകരൂപത്തിൽ എഴുതുകയാണു് വേണ്ടതെന്നും എന്നെ നിൎബ്ബന്ധിക്കുകയാണുണ്ടായതു്. ഈ നിൎബ്ബന്ധത്തിന്നു വഴങ്ങേണ്ടിവന്നതിന്റെ ഫലമാണു് ഈ ലഘുഗ്രന്ഥമെന്നു ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഒരു സാഹിത്യകാരനല്ലാത്ത ഞാൻ ഈദൃശമായ ഒരു ഗ്രന്ഥനിൎമ്മാണത്തിന്നു പുറപ്പെട്ടപ്പോൾ അതത്ര സുസാദ്ധ്യമാണോ എന്നൊരാശങ്ക എനിക്കുണ്ടാകാതെയിരുന്നില്ല.

എന്നാൽ ചമൽക്കാരിയായ ഒരു യാത്രാവിവരണമെന്ന നിലയ്ക്കു താല്ക്കാലികമായി വായിച്ചുരസിച്ചു തൃപ്തിപ്പെടാതെ അതിൻെറ താല്പര്യത്തെ അറിഞ്ഞു് അദ്ധ്യാത്മതത്വചിന്തയിലേയ്ക്കു് എൻെറ വായനക്കാരിൽ ചിലരെയെങ്കിലും നയിക്കുവാൻ ഈ ഗ്രന്ഥം അല്പമെങ്കിലും പര്യാപ്തമായിത്തീർന്നാലൊ എന്ന എൻെറ നിരന്തരചിന്ത ഈ സാഹസത്തിന്നു് എന്നെ പ്രേരിപ്പിച്ചതാണു്. എൻെറ ഈ ആശക്കു് ഇതു സഹായകമായിത്തീർന്നാൽ ഞാൻ കൃതാർത്ഥനായി.

എന്നു്, ഗ്രന്ഥകർത്താ:

വെള്ളമുണ്ട,
31—12—48.

പി. മൊയ്തുഹാജി,
തരുവണ.

NATIONAL BOOK
SPCS
LTD.
BR. KOTT

# ഞാൻ കണ്ട അറേബ്യ

## 1. മലബാറിൽനിന്നു ബോംബായിലേയ്ക്കു്

രണ്ടാം ലോകമഹായുദ്ധാനന്തരം പല നിയന്ത്രണങ്ങളു് ഗവമ്മേണ്ടിന്നു നടപ്പിൽ വരുത്തേണ്ടിവന്നു അക്കൂട്ടത്തിൽ യുദ്ധംമൂലം ഇന്ത്യയിൽനിന്നുള്ള പരിശുദ്ധ ഹജ്ജയാത്ര കുറച്ചു കാലത്തേക്ക് മുടങ്ങിക്കിടന്നിരുന്നതിനാൽ അനിയന്ത്രിതമായ ആൾപ്പെരുപ്പം മൂലം അറേബ്യൻ യാത്രക്കാരെയും തല്ക്കാലം ഇന്ത്യാഗവമ്മേണ്ടിന്നു നിയന്ത്രിക്കേണ്ടിവന്നു. ഇന്ത്യാഗവമ്മേണ്ടിന്റെ വിദേശകാര്യാലയത്തിൻകീഴിൽ ന്യൂഡെൽഹിയിൽ ഒരു ഹജ്ജബുക്കിംഗ് ആപ്പീസ്സ് തുറക്കപ്പെടുകയും ഓരോ സംസ്ഥാനത്തിൽനിന്നും അതാതു സംസ്ഥാനത്തിലെ മുസ്ലിം ജനസംഖ്യാനുപാതകമായി സ്ഥാനങ്ങൾ സംവിതരണം ചെയ്യപ്പെടുകയും അതിലേക്ക് അപേക്ഷാഹരജികൾ നൂറുറുപ്പിക വീതം ഡിപ്പോസിറോടുകൂടി സ്വീകരിച്ചു ഹരജികളുടെ വഴിക്കുവഴിക്രമപ്രകാരം മുൻഗണന നല്കി നിശ്ചിത എണ്ണം സ്വീകരിക്കുക

യുമുണ്ടായി. പല നിയന്ത്രണങ്ങളും ഇന്നും നടപ്പിലുണ്ടെ ങ്കിലും ഹിജാസ യാത്രയ്ക്കുള്ള നിയന്ത്രണം കേന്ദ്രഗവമ്മേ ണ്ടിൽനിന്നു നീക്കം ചെയ്തിരിക്കുന്നുവെന്നുള്ള സന്തോഷവാ ൎത്ത ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഞാൻ ഹരജി യും അനാമത്തു സംഖ്യയും കാലെകൂട്ടി അയച്ചുവെങ്കിലും ഹ രജി സ്വീകരിപ്പാനുള്ള അവസരമായിട്ടില്ലെന്നു കാണിച്ചു അവ മടങ്ങിവരികയാണുണ്ടായത്. പിന്നീട് ഹരജി സ്വീ കരിക്കുവാൻ തുടങ്ങുന്ന വിവരത്തിന്നു ഗവമ്മേണ്ട് പ്രസി ദ്ധീകരിച്ച അറിയിപ്പ് വളരെ വൈകിയ ശേഷമാണ് എ ൻെറ ദൃഷ്ടിയിൽ പെട്ടത്. അന്നുതന്നെ ഞാൻ വീണ്ടും അപേക്ഷ അയച്ചു. കുറച്ചുകാലത്തിന്നു മറുവടി ഒന്നും ലഭി ച്ചില്ല. പിന്നീട് എൻെറ ഹരജിയിൽ അനാമത്തു സംഖ്യ യെപ്പററി ചേക്കേണ്ടുന്ന വിവരങ്ങൾ ചേർത്തിട്ടില്ലെന്നും അ ത് ഉടനെ അറിയിച്ചു കൊടുക്കേണമെന്നും കാണിച്ചു ഹജ്ജ ബുക്കിംഗ് ആപ്പീസ്സിൽനിന്ന് ഒരറിയിപ്പ് എനിക്കയക്കു കയുണ്ടായി. ഞാൻ വേറെ സ്ഥലത്തായിരുന്നപ്പോഴാണ് ഈ അറിയിപ്പ് വീട്ടിൽ എത്തിയത്. ഹരജി ഡെൽഹി യിൽ കിട്ടിയ വിവരത്തിന്നുള്ള ഒരു കുറിപ്പാണതെന്നു കരു തി വീട്ടിലുള്ളവർ അതെനിക്കെത്തിച്ചുതരാതെ വീട്ടിൽ ഭദ്ര മായി സൂക്ഷിച്ചുവെച്ചു. കുറെ ദിവസം കഴിഞ്ഞാണ് ഞാൻ ഇതു കാണ്മാൻ ഇടയായത്. എന്തെന്നില്ലാത്ത നിരാശ യും ഭയവും എന്നെ ബാധിച്ചു. ഒരപൂൎണ്ണമായ ഹരജി. അ തും വൈകിയ വേളയിൽ അയച്ചത്. അതിൻെറ ഫലം ഒരിക്കലും ശുഭപ്രതീക്ഷിതമായിരുന്നില്ല. ഞാൻ അടിയന്തര

കമ്പിവഴിയായി അവരാവശ്യപ്പെട്ട വിവരം അറിയിച്ചുകൊടുത്തു. ഡെൽഹിയിൽ ഒരുയുന്ന ഉദ്യോഗത്തിലിരിക്കുന്ന എൻെറ ഒരു സുഹൃത്തിന്ന് അന്നുതന്നെ ഒരെഴുത്തുമയച്ചു. അയാളുടെ മറുവടി നിരാശാജനകമായിരുന്നു. എൻെറ ഹരജി ഡെൽഹിയിൽ ലഭിക്കുന്നതിന്നുമുമ്പായിത്തന്നെ മദിരാശി സംസ്ഥാനത്തിന്ന നീക്കിവെച്ചിട്ടുള്ള കപ്പാട്ട അവസാനിച്ചുപോയിരുന്നുവെന്നും ഇനി കൂടുതൽ സീററുകൾ നീക്കിവെച്ചിട്ടുള്ള ഇതരസംസ്ഥാനങ്ങളിൽനിന്നു മതിയായയത്ര അപേക്ഷകൾ ലഭിയ്ക്കാത്തപക്ഷം മാത്രമെ ആശക്കു വഴിയുള്ളുവെന്നുമായിരുന്നു അദ്ദേഹത്തിൻെറ മറുപടിയുടെ സാരം. കുറച്ചു ദിവസങ്ങൾക്കുശേഷം എൻെറ മേപ്പടിസുഹൃത്തിൽനിന്നു വീണ്ടും എനിക്കൊരു എഴുത്തു ലഭിച്ചു. എനിക്ക് ഒരു സീററ് റിസർവ്വ് ചെയ്തിരിക്കുന്നുവെന്നുള്ള സന്തോഷവാർത്തയായിരുന്നു അതിലെ ഉള്ളടക്കം. ദീർഘയാത്രക്കുള്ള ഒരുക്കങ്ങൾ മുൻകൂട്ടി ചെയ്യാൻ ഇതു് എനിക്കു വളരെ സഹായകമായിതീർന്നു. കൂടാതെ എൻെറ നൈരാശ്യവും തീർന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. മുഗൾലൈൻ കമ്പനിക്കാരുടെ വക "എസ്സ്. എസ്സ്. അലവി" എന്ന കപ്പലിൽ സീററു റിസർവ്വ് ചെയ്തിരിക്കുന്നുവെന്നും 1946 ഒക്ടോബർ 4-ാം തിയ്യതിക്കു ബോമ്പയിൽ എത്തേണമെന്നും അനാമത്തുസംഖ്യ അവിടെ അടക്കേണമെന്നും കാണിച്ചു ഹജ്ജ്ബുക്കിംഗ് ആപ്പീസ്സിൽനിന്നും അടുത്തുതന്നെ ഒരു റജിസ്റ്റർകത്തു ലഭിച്ചു. അഖിലേന്ത്യാ പോസ്റ്റൽ പണിമുടക്കും സൌത്തിന്ത്യൻ റെയിൽവെ പണിമുടക്കം ഇതെല്ലാം നില

വിച്ചുള്ള കാലമായിരുന്നതുകൊണ്ടു കത്തിടപാടുകൾക്കും മദി രാശിവഴിക്കുള്ള തീവണ്ടിയാത്രക്കും വളരെ വിഷമമായിരുന്നു. ഞാൻ അനാമത്തുസംഖ്യ അയച്ചതു് അവിടെ കിട്ടിയിരുന്നുവെങ്കിലും അതു നമ്പർ മാറിച്ചേർത്തതുകൊണ്ടു് എൻെറ ഹരജിക്കുള്ള അനാമത്തുസംഖ്യ അടവായിട്ടില്ലെന്നു കണക്കാക്കിയാണു് അനാമത്തു സംഖ്യ ബോമ്പയിൽ അടക്കണമെന്നാവശ്യപ്പെട്ടതിനു കാരണം. മുഗൾലൈൻ കമ്പനിവക കപ്പലിലാണു് എൻെറ യാത്ര എന്നറിഞ്ഞതിൽ സന്തോഷിക്കുന്നുവെന്നും എനിക്കു വേണ്ടപ്പെട്ട എല്ലാ സൗകര്യങ്ങളും ചെയ്തുതരാൻ കമ്പനി പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും കാണിച്ചു ടെർണർ മോറിസൺ കമ്പനി—ഈ കമ്പനിക്കാർ മുഗൾലൈൻകാരുടെ പ്രതിനിധികളാണു്—യിൽനിന്നും എഴുത്തു വന്നപ്പോൾ എൻെറ പ്രഥമകപ്പൽ പ്രയാണത്തെ സംബന്ധിച്ചു് എനിക്കുണ്ടായിരുന്ന എല്ലാ ആശങ്കകളും അസ്തമിച്ചു. കോഴിക്കോട്ടുവഴിയായി പോകാമെന്ന കോഴിക്കോട്ടുള്ള പല മാന്യസുഹൃത്തുക്കളുടേയും നിർബ്ബന്ധമുണ്ടായിരുന്നുവെങ്കിലും റെയിൽവെ സ്ട്രൈക്കുമൂലം മദിരാശി വഴിക്കുള്ള യാത്ര അനാശാസ്യമാണെന്നു കരുതി മൈസൂർ വഴിക്കുപോകാൻ തീരുമാനിക്കുകയാണുണ്ടായതു്. കുറച്ചു കാലെക്കൂട്ടിതന്നെ യാത്ര പുറപ്പെടുകയായിരിക്കും എല്ലാംകൊണ്ടും ഉത്തമമായിട്ടുള്ളതെന്നു കരുതി സപ്തെമ്പ്ര് 23-ാംനു- തിങ്കളാഴ്ച പുറപ്പെടുവാൻ ഒരുങ്ങുകയും ചെയ്തു. മൈസൂർ സ്റ്റേററിൽ കൂടിയാണു് യാത്രയെങ്കിൽ ഒരു ദിവസം തൻെറ ആതിഥ്യം സ്വീകരിച്ചു നഞ്ചൻ ഗൂഡിൽ താ

മസിക്കണമെന്നു കാണിച്ചുകൊണ്ടു എൻെറ പ്രിയ സുഹൃത്ത് മി: അഖബർഷരീഫിൽ നിന്നും ഒരു കമ്പിയും വന്നുചേൻറു. 23-ാംതിയ്യതി കാലത്തു യാത്ര പുറപ്പെട്ടപ്പോൾ എനിക്കും എൻെറ കൂടെയുള്ള ഹിജാസയാത്രക്കാക്കും പുറമെ മൈസൂർ വരെ ഒന്നിച്ചു വരാനൊരുങ്ങിയ സ്നേഹജനങ്ങൾ അഞ്ചുകാറുകൾ നിറയെ ഉണ്ടായിരുന്നു. വഴിയിൽ മി: ഹനീഫയുടെ ഡിന്നർ പാർട്ടിയിൽ പങ്കെടുത്ത ശേഷം സന്ധ്യക്ക് നഞ്ചൻഗുഡിൽ എത്തി. അവിചാരിതമായി അധികം ആളുകൾ എൻെറ കൂടെ ഉണ്ടായിരുന്നുവെങ്കിലും ആ സുഹൃത്ത് ചെയ്ത ഏപ്പാടുകൾ അവണ്ണനീയമായിരുന്നു. വീട്ടിൽനിന്നു ബന്ധുമിത്രാദികളോടു വിടവാങ്ങി പിരിഞ്ഞുപോന്ന വിഷാദം ഒട്ടു മുക്കാലും ആ രാത്രിയിലെ നഞ്ചൻഗുഡ് വാസം എൻെറയും മിത്രങ്ങളുടെയും മനസ്സിൽ നിന്നു വേർപെടുത്തി.

24-ാം തിയ്യതി മൈസൂരിൽ പല സ്നേഹിതന്മാരുടേയും ആതിഥ്യം സ്വീകരിച്ചു കഴിച്ചശേഷം 25-ാം തിയ്യതി ചൊവ്വാഴ്ച വൈകുന്നേരം മൈസൂരിൽ നിന്നു ഗുണ്ടക്കൽ വഴി ബോമ്പെക്ക് പോകുന്ന മെയിൽ വണ്ടിക്ക് ബോമ്പെക്ക് പുറപ്പെടുകയും ചെയ്തു. പിറെറ ദിവസം അതായ്ത് 26-ാം തിയ്യതി വ്യാഴാഴ്ച രാവിലെ ഗുണ്ടക്കൽ എത്തി. അപ്പോൾ തന്നെ അവിടെ നിന്നു "മദിരാശി മെയി"ലിൽ പുറപ്പെടുവാനായിരുന്നു ആദ്യം ഏപ്പാടുകൾ ചെയ്തിരുന്നതെങ്കിലും വൈകുന്നേരം പോകുന്ന "ബോമ്പെ എക്സ്പ്രസ്സിൽ" പോകാമെന്നുള്ള സ്റ്റേഷൻ മാസ്റ്ററുടേയും മററും അഭിപ്രായമാട

രിച്ച് അന്ന പകൽ അവിടെ കഴിച്ചശേഷം വൈകുന്നേരം "ബോംബെ എക്സ്പ്രസ്സി"ൽ അവിടെനിന്ന പുറപ്പെട്ടുകയും ചെയ്തു. 27-ാം തിയ്യതി വെള്ളിയാഴ്ച ബോമ്പായിൽ ബോറിബന്തർ സ്റ്റേഷനിൽ എത്തി വണ്ടിഇറങ്ങി. ഞാനും പാർട്ടിയും ഗുണ്ടക്കൽ എത്തുന്നതുവരെ പറയത്തക്ക വിശേഷസംഭവങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും അതിൽ പിന്നീടുണ്ടായ ഒന്ന രണ്ടു സംഭവങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഗുണ്ടക്കൽനിന്ന ബോമ്പെ എക്സ്പ്രസ്സിൽ ഞാനും മററും കയറിയ കമ്പാർട്ട്മെണ്ടിൽ മദിരാശിയിൽനിന്ന നേരിട്ടുവന്നിരുന്ന മൂന്നു നാദാപുരക്കാരും "ടൈംസ് ഓഫ് ഇന്ത്യ"യിലെ ഒരുദ്യോഗസ്ഥനും ഉണ്ടായിരുന്നു. ഗുണ്ടക്കൽ വിട്ടു കുറെ സ്റ്റേഷൻ കഴിഞ്ഞശേഷം അറേബ്യ, ഈജിപ്ത്, ബഗ്ദാദ് ഇവിടങ്ങളിലേക്ക് വിമാനയാത്രക്ക് പുറപ്പെട്ടിട്ടുള്ള ഒരു പാർസി നവദമ്പതികളും ഞങ്ങളുടെ കമ്പാർട്ടുമെണ്ടിൽ കയറുകയുണ്ടായി. ഈ മാന്യൻ ഉയന്ന ബിരുദങ്ങൾ നേടിയ ഒരു സുപ്രസിദ്ധ വടക്കെ ഇന്ത്യൻ ഡോക്ടരായിരുന്നു. ഇദ്ദേഹം യാത്രാസംബന്ധമായ പല വിവരങ്ങളും ഉള്ള ഒരു മാന്യനായതുകൊണ്ട് അദ്ദേഹവുമായി കുറച്ചു സമയം സംസാരിക്കുന്നതു വളരെ പ്രയോജനകരമായിരിക്കുമെന്നുള്ള വിശ്വാസത്താൽ ഞാൻ അദ്ദേഹത്തിന്ന സമീപം ചെന്നിരുന്നു. ഞങ്ങൾ സംസാരത്തിൽ ഏപ്പെട്ടു. നാദാപുരക്കാരായ അതിലുണ്ടായിരുന്ന യാത്രക്കാർ "അപ്പർബർത്തി"ൽ ഉറങ്ങുവാനുള്ള ഒരുക്കത്തോടുകൂടി സ്ഥലം പിടിച്ചിരിക്കുകയാ

യിരുന്നു. ഇവർതമ്മിൽ എന്തൊ ചില തൎക്കങ്ങൾ ഉണ്ടാവുകയും അവരിൽ ഒരാൾ താഴെ ഇറങ്ങിവരികയും ചെയ്തു. ആ ഇറങ്ങിവന്ന ആൾക്ക് എന്തൊ കഠിനമായ മനോവ്യാധി പിടിപ്പെട്ടിട്ടുണ്ടെന്നു പ്രത്യക്ഷമായിരുന്നു. "ഞാൻ അടുക്കളെയിൽ ഒന്നു ഇറങ്ങിനോക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു ഈ മനുഷ്യൻ വണ്ടിയിൽ നിന്നിറങ്ങുന്നതിന്നുള്ള വാതിൽ തുറന്നു. അപ്പോഴെക്ക് ആ വാതിലിന്നടുത്തായി കുഷ്യന്മേൽ ഇരുന്നിരുന്ന എൻെറ പാർട്ടിയിലെ ഒരംഗം ഒരു കൈകൊണ്ടു ആ കവാടം ബന്ധിച്ചതും മറെറ കൈകൊണ്ട് ഈ മനുഷ്യനെ കമ്പാർട്ടുമെണ്ടിന്നുള്ളിലേക്കു തള്ളിനീക്കിയതും ഒന്നിച്ചുകഴിഞ്ഞു. അങ്ങിനെ പെട്ടെന്നു പ്രവൃത്തിച്ചിരുന്നില്ലെങ്കിൽ ആ മനുഷ്യൻ അതിശീഘ്രത്തിൽ ഓടിക്കൊണ്ടിരുന്ന ആ വണ്ടിയിൽനിന്നും പുറത്തുവീണു വമ്പിച്ച അത്യാഹിതം സംഭവിക്കുമായിരുന്നു. കമ്പാർട്ടുമെണ്ടിന്നു നടുവിൽ നിന്നിരുന്ന ഈ മനുഷ്യൻ ഉടനെ ഡോക്ടരും അദ്ദേഹത്തിൻെറ പത്നിയും ഇരിക്കുന്നതിന്നു മദ്ധ്യെ ഒഴിവുണ്ടായിരുന്ന ചെറുവിടവിൽ ചെന്നു പെട്ടെന്നു ഇരിപ്പുറപ്പിക്കുകയും ചെയ്തു. അവൎക്കു കാൎയ്യമൊന്നും മനസ്സിലായില്ലെങ്കിലും സാധുശീലയായ ആ യുവതി പെട്ടെന്നു കുറച്ചു മാറി ഇരുന്നുകൊടുത്തു. ഉടനെ ഞാൻ ആ മനുഷ്യൻ മലയാളത്തിൽ സംസാരിച്ചതിനെ ഇംഗ്ലീഷിൽ അവരെ പറഞ്ഞു മനസ്സിലാക്കുകയും ആ മനുഷ്യൻെറ ബുദ്ധിക്ക് എന്തൊ മാലിന്യം സംഭവിച്ചിട്ടുണ്ടെന്നു അവരെ ധരിപ്പിക്കുകയും ചെയ്തു. അടുത്ത സ്റ്റേഷനിൽ

എത്തി വണ്ടി നിന്നപ്പോൾ ഡോക്ടർ കുറച്ചു ഐസ് കൊണ്ടുവന്നു ഈ മനുഷ്യൻെറ തലയിൽ വെച്ചുവെങ്കിലും അതു തട്ടികളഞ്ഞതിനാൽ ഫലപ്പെട്ടില്ല. ബോമ്പേ വരെ ഈ മനുഷ്യനെ ഞങ്ങൾക്ക് വളരെ കരുതലോടുകൂടി കൊണ്ടു പോരേണ്ടിവന്നു. ഈ മനുഷ്യൻ പിന്നീടു മക്കയിൽവെച്ചു ചിത്തഭ്രമംമൂലം മരണപ്പെടുകയാണുണ്ടായതു്. ബോമ്പായിൽ വണ്ടിയിറങ്ങിയശേഷം ചെറുതെങ്കിലും വളരെ ഗൌരവമായ ഒരു സംഭവമുണ്ടായി. ഞങ്ങൾ ബോമ്പായിൽ എത്തിയത് സാമുദായികാസ്വാസ്ഥ്യം അതിൻെറ മൂൎദ്ധന്യദശയിലെത്തിയ കാലത്തായിരുന്നു. ഞങ്ങൾ സ്റ്റേഷനിൽ വണ്ടി ഇറങ്ങിയ ഉടനെ സാമാനങ്ങൾ സ്റ്റേഷന്നു വെളിയിലേക്കു കടത്തുവാൻ ഞാൻ പോട്ടർമാരെ ഏല്പിച്ചു. ഏററവും ജാഗ്രതയായി വെളിയിൽ എത്തിച്ചുകിട്ടേണ്ടതിന്നു ഈ സമ്മാനമടക്കം അഞ്ചുറുപ്പിക കൂലികൊടുക്കാമെന്നു ഞാൻ അവരോടു പറഞ്ഞിരുന്നു. അതുപ്രകാരം അവർ സ്തുത്യൎഹമായി പ്രവൃത്തിച്ചു. ഞാൻ പറഞ്ഞപ്രകാരം 5 കയും എടുത്തുകൊടുത്തു അവിടെ നിന്നിട്ടുണ്ടായിരുന്ന ഒരു പോലീസ്സുകാൺസ്റ്റബിൾ ഇതിനെ എതിൎത്തു. ഞാൻ സ്വമേധയാ കൊടുത്തതാണെന്നു കാൺസ്റ്റബിളിനെ ഞാൻ ധരിപ്പിച്ചു. എങ്കിലും അവൻ അതു സമ്മതിച്ചില്ല. എന്തിന്നുപറയുന്നു ഇതിനെ തുടൎന്നു് ഒരു ഭാഗത്തു പോലീസ്സുകാരും മറുഭാഗത്തു പോട്ടർമാരും തമ്മിൽ വലിയ ബഹളമായിതീൎന്നു. ഇതിൻെറ നടുവിലാണു് ഞങ്ങളും സാമാനങ്ങളും ഉള്ളതു്. ഹിന്തുക്കളും മുസൽമാന്മാരുമായ ഒരു വലിയ ജനസഞ്ചയം ഞങ്ങളെ

വലയം ചെയ്യപ്പെട്ടു. അവിടെ എന്താണു് നടക്കുന്നതെന്നു പുറമെനിന്നു വരുന്നവക്കു് അറിയുവാൻ സാദ്ധ്യമല്ലായിരുന്നു. അതുകൊണ്ടു് അവിടെ വല്ല കത്തിക്കുത്തും നടക്കുകയാണെന്നായിരുന്നു ഓടിവരുന്നവരുടെ ധാരണ. ഇതെല്ലാംകൂടി വലിയ കുഴപ്പമായി. പോലീസ്സ് വിസിൽ വിളിച്ചപ്പോഠം കൂടുതൽ പോലീസ്സപാർട്ടികളും പോർട്ടർമാർ ശബ്ദമുയർത്തിയപ്പോഠം ഒട്ടധികം പോർട്ടർമാരും വന്നുകൂടി. സാമാനങ്ങഠം വിട്ടേച്ചുപോകാൻ ഞങ്ങഠംക്കു നിവൃത്തിയില്ലായിരുന്നു. ഈ ജനപ്പെരുപ്പത്തിന്നിടയിൽകൂടി ഞാൻ ഒന്നു വെളിക്കു കടന്നുനോക്കിയപ്പോഠം കുറച്ചകലെ സ്റ്റേഷൻ മാസ്റ്റർ നില്ക്കുന്നതുകണ്ടു. അയാളോടു വിവരം പറഞ്ഞു ഇതിന്നൊരു പരിഹാരമുണ്ടാക്കാമെന്നു വിചാരിച്ചു ഞാൻ അയാളുടെ അടുക്കലേയ്ക്കു് ഓടിച്ചെന്നു. ഞാൻ ചെല്ലുന്നതു കണ്ടഉടനെ അയാഠം "ജീവരക്ഷാർത്ഥം" ഓട്ടംതുടങ്ങി. എനിക്കവിടെനിന്നു തിരിച്ചുപോരികയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. എങ്കിലും ഈ ആഠംക്കൂട്ടത്തിൽനിന്നു കുറച്ചകലെയായി നിന്നിരുന്ന വിദ്യാസമ്പന്നനും, സുന്ദരനും, സുശീലനുമായ ഒരു ഹിന്തുമാന്യനോടു ഞാൻ അവിടെ നടക്കുന്ന കുഴപ്പത്തിൻെറ കാര്യകാരണങ്ങഠം വിശദമായി പറഞ്ഞുകേഠംപ്പിച്ചു. യാഥാർത്ഥ്യം മനസ്സിലാക്കിയശേഷം അദ്ദേഹം ആ ജനതാമദ്ധ്യത്തിലേയ്ക്കു കുതിച്ചുകയറുകയും മറാട്ടിയിൽ പോലീസ്സിനോടും, പോർട്ടർമാരോടും, പൊതുജനങ്ങളോടും ഉച്ചത്തിലെന്തൊക്കെയോ സംസാരിച്ചു് അവരെ പിരിച്ചയക്കുകയും, ആ മാന്യൻതന്നെപോയി ടാക്സി ഏർപ്പാടു

ചെയ്തു് ഞങ്ങൾക്ക താമസത്തിനേറപ്പാട ചെയ്തിട്ടുണ്ടായിരു ന്ന സാവുസിദ്ധീഖ് മുസാഫർഖാന മന്ദിരത്തിലേക്ക് ഞങ്ങളെ കയററി അയച്ചു തരികയും ചെയ്തു. ഞങ്ങൾ മദ്രാസ്സ്മെയിലിൽ ബോമ്പായിൽ എത്തുമെന്നുകേട്ട പല മലയാളി സുഹൃത്തുക്കളും സ്റ്റേഷനിൽ വന്നു കാത്തിരുന്നുവെന്നും ആ വണ്ടിക്കു് ഞങ്ങളെ കാണാഞ്ഞതു കൊണ്ട അവർ നിരാശപ്പെട്ടു തിരിച്ചു പോകുകയാണുണ്ടായതു് എന്നും ഞങ്ങൾക്ക് അറിവാൻ ഇടയായി. ഏതായാലും ജീവാപായമൊ മുതൽ നാശമൊ കൂടാതെ ഞങ്ങൾ രക്ഷപ്പെട്ടതിൽ അവർ ഞങ്ങളെ അനുമോദിച്ചു. ഒക്ടോബർ 8-ാം തിയ്യതി കപ്പൽ കയറുന്നതുവരെ ബോമ്പായിൽ സർവ്വവിധ താമസ സൌകര്യങ്ങളും ഉള്ള "സാവുസിദ്ധീഖ് മുസാഫർഖാന" എന്ന ആ അതി രമണീയമായ മണിമാളികയിൽ താമസിച്ചു മലയാളി സുഹൃത്തുക്കളെ പോയിക്കണ്ടും യാത്രക്കാവശ്യമായ സാമാനങ്ങൾ ഒരുക്കിയും പാസ്സ്പോട്ട് വാങ്ങുക, ഇനോക്കുലേഷൻ, വാക്സിനേഷൻ മുതലായവ ചെയ്യിക്കുക, കപ്പൽ ടിക്കററുവാങ്ങുക മുതലായ ജോലികളിൽ വ്യാപൃതരായും കഴിച്ചുകൂട്ടി.

—:o:—

## 2. ബോംബെ മുതൽ ജിദ്ദവരെ.

ഒക്ടോബർ 8-ാം തിയ്യതി വ്യാഴാഴ്ചവൈകുന്നേരം മൂന്നു മണിക്ക് ഞങ്ങളുടെ കപ്പലായ "S. S. അലവി" ബോംബെ തുറമുഖത്ത് നിന്നും ഞങ്ങളെ വഹിച്ചുകൊണ്ടു പുറപ്പെട്ടു. ഇതു് 1924-ൽ നിർമ്മിച്ചിട്ടുള്ള മുഗൾ ലൈൻ കമ്പനിക്കാരുടെ 3566 ടൺ ഘനമുള്ള സ്റ്റീമറാണ്. ഇക്കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ഈ സ്റ്റീമറിന്നു യുദ്ധാനന്തരം കാലാനുകൂലമായ പല പരിഷ്കാരങ്ങളും വരുത്തിയിരുന്നു. ബോമ്പായിൽ കപ്പലുകൾ കരക്കണഞ്ഞു നില്ക്കുന്നതുകൊണ്ടു് കപ്പലിൽ കയറുവാൻ യാതൊരു ക്ലേശങ്ങളും അനുഭവിക്കേണ്ടതില്ല. ഞങ്ങളുടെ കപ്പലിനെ ഇരുഭാഗങ്ങളിൽ നിന്നും ഇരുമ്പു ചങ്ങലകൾ കൊണ്ടുബന്ധിച്ചു വൻസ്റ്റീം ബോട്ടുകൾ പിടിച്ചു വലിച്ചു കടലിലേക്ക് ആനയിച്ചു. അതിവിസ്തൃതമായി ഇന്ദ്രനീല വർണ്ണം പൂണ്ട അതിവിശാലമായ ആ മഹാർണ്ണവത്തിൽ തിരമാലകളുടെ അലതല്ലൽ മൂലം ആടിക്കുഴഞ്ഞുകൊണ്ടു ഞങ്ങളുടെ കപ്പൽ സ്വയം മുന്നോട്ട് ഓടിത്തുടങ്ങി. ഞാൻ ആദ്യമായി കപ്പൽ സഞ്ചാരം ചെയ്യുകയായിരുന്നു വെങ്കിലും പുതുതായി കപ്പൽ സഞ്ചാരം ചെയ്യുന്ന പലക്കുമുണ്ടാവാറുള്ള തലചുററലൊ, ഛർദ്ദിയൊ ഒന്നും എനിക്കുണ്ടായില്ല. സൂര്യകിരണങ്ങൾ ഏററു വിവിധവർണ്ണങ്ങൾ പൂണ്ടും മന്ദമാരുതനേററു് ഓളംവെട്ടിക്കൊണ്ടും കളിച്ചുപുളച്ചുകൊണ്ടിരുന്ന ആ അറബിക്കടൽ കുറച്ചുകഴിഞ്ഞപ്പോഴേക്ക് സ

സന്ധ്യാരശ്മികളേററു പ്രഭാപൂരിതമാകയും അധികം കഴി യാതെ ചന്ദ്രികയിൽ മുങ്ങി പ്രശാന്തരമണീയമായിത്തീരു കയും ചെയ്തു. ഇതെല്ലാം ഹൃദയാകർഷകമായ കാഴ്ചകളാ യിരുന്നു. ഞാൻ രാത്രി വളരെ സമയംവരെ കപ്പലിൻെറ മുകൾത്തട്ടിൽ നിമിഷംതോറും നവംനവമായ ഉന്മേഷത്തെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്ന ആ സമുദ്രപ്പരപ്പിൻെറ അ ത്യാശ്ചര്യകരമായ കാഴ്ച നോക്കിക്കൊണ്ടും നിരന്തരം വീശി ക്കൊണ്ടിരുന്ന അതിശീതളമായ കടൽക്കാറേററുകൊണ്ടും കഴിച്ചുകൂട്ടി. ഇത്രയും സുഖാനുഭൂതിയുണ്ടാക്കുന്ന ഈ യാ ത്ര ഒരിക്കലും മതിവരാതെയും അത്യന്തം ഉന്മേഷഭരിതനാ യും എത്രദിവസമെങ്കിലും തുടരുവാൻ സാധിക്കുമെന്നെനി ക്കു തോന്നി. ആ കപ്പൽയാത്രാവസാനത്തിലും എനിക്ക് ഈ അഭിപ്രായം മാററണ്ടിവന്നിട്ടില്ലെന്നു തീർത്തു പറ യാവുന്നതാണ്.

പൌരാണികകാലം മുതൽക്കെ പരിശുദ്ധ ഹജ്ജ് കർമ്മത്തിന്നു പുറപ്പെടുമ്പോൾ ഇങ്ങിനി മടങ്ങിവരുന്ന കാ ര്യം ഏററവും സംശയസ്ഥിതിയിലാണെന്നുള്ള നിലക്ക് ഒരുക്കങ്ങൾ ചെയ്യാറാണ് പതിവ്. ഈ പാരമ്പര്യമനു സരിച്ചു തന്നെയാണ് ഞാനും പുറപ്പെട്ടത്. അതുകൊ ണ്ടു മാതൃഭൂമിയെ അതായതു നമ്മുടെ ഭാരതമാതാവിനെ ഇ ങ്ങിനി മടങ്ങിവന്നു കാണുവാൻ സാദ്ധ്യമാകുമെന്ന ഒരാശ തന്നെ എനിക്കുണ്ടായിരുന്നില്ല. സന്ധ്യാസമയം സമാഗ തമായതോടുകൂടി ഞാൻ ആ സാഗരവാഹിനിയിൽനിന്നു വൈദ്യുതദീപാലംകൃതമായ ബോംബെ നഗരിയെ ഒന്നു തി

രിഞ്ഞുനോക്കി. വളരെ അകലെ ഒരു മങ്ങിയ വെളിച്ചത്തിൽ ഹാർബറിൽ പ്രകാശിതമായ വൈദ്യുത ദീപങ്ങളുടെ ഒരു നേരിയ നിഴലല്ലാതെ മറ്റൊന്നുംതന്നെ അക്ഷികൾ ലക്ഷീഭവിച്ചില്ല അനവധി ആശാസൌധങ്ങൾ പണിതുകൊണ്ടു് അതുവരെയുള്ള ആയുഷ്കാലം കഴിച്ചുകൂട്ടിയ ആ പിതൃഭൂമി "എന്നെ മറന്നു കളയൂ!" എന്നു് എന്നോടു പറഞ്ഞുകൊണ്ടു വിടവാങ്ങുകയാണെന്നെനിക്കു തോന്നി. ഞാൻ പോകുന്നതു് ഏതൊരു പുണ്യഭൂമിയിലേക്കാണെന്നുള്ള ചിന്താഗതി എൻെറ ആത്മാവിന്നു നവീനവും സ്ഥായിയുമായ പ്രചോദനം നല്കി. ബോംബെ പട്ടണത്തിൽ ജലാശയത്തിന്നു മീതെ പണിത മനോഹരമായ ആ ജുമമസ്ജിദിൽ കുറച്ചുദിവസം പ്രാർത്ഥനകൾ നടത്തിയ സ്മരണ എന്നിൽനിന്നു വിട്ടുമാറിയിട്ടില്ലായിരുന്നതിനാൽ കപ്പലിൽ നിന്നു നമാസിന്നു വേണ്ടിയുള്ള "ബാങ്ക്" വിളി കേട്ടപ്പോൾ ആ മസ്ജിദിൽ ഞാൻ കയറിയപ്പോൾ അതു ഏതിൻെറ ഉപരിതലത്തിൽ സ്ഥിതിചെയ്യുന്നുവോ അതിൽകൂടി സാവകാശം ആ രമ്യഹർമ്മ്യം ചലിക്കുവാൻ തുടങ്ങിയിരിക്കുകയാണെന്നുള്ള ഒരു മനോവിചാരമാണു് എനിക്കുണ്ടായതു്.

പിറേറദിവസം നേരം പുലൎന്നു ഞാൻ മുറിയിൽനിന്നു പുറത്തിറങ്ങി മേൽതട്ടിൽ ചെന്നു് ഒന്നു ചുററുപാടും കണ്ണോടിച്ചു. കരകാണാത്ത കടലും, അററം കാണാത്ത ആകാശവും ഒരേ നിറംപൂണ്ടു രണ്ടും അതിവിശാലമായി വികസിച്ചുനില്ക്കുന്നതല്ലാതെ ഒന്നും കാണ്മാനുണ്ടായിരുന്നില്ല. ഞാൻ

മുറിയിലേയ്ക്കു തിരിച്ചുചെന്നപ്പോൾ എന്നെ കാണുവാൻ ആശിച്ചുകൊണ്ടും അദ്ദേഹത്തിൻെറ മുറിയിലേയ്ക്കു ചെല്ലുവാൻ ക്ഷണിച്ചുകൊണ്ടും അഖിലലോക മുസ്ലിം കോൺഫറൻസിൻെറ കൺവീനറായ മി. അഹമ്മദ് ഓഡയാർ സാഹെബ്ബിൽനിന്നും എനിക്ക് ഒരു കുറിപ്പുകിട്ടി. അദ്ദേഹം ഞങ്ങളുടെ കപ്പലിൽതന്നെ സഞ്ചരിക്കുന്നുണ്ടെന്നു ഞാൻ മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിലും അദ്ദേഹവുമായി കാണുവാനൊ പരിചയപ്പെടുവാനൊ എനിക്കു സാധിച്ചിരുന്നില്ല. "അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല്" എന്ന കൂട്ടത്തിൽ ഇതു് എന്നിൽ അത്ഭുതവും ആനന്ദവുമുണ്ടാക്കി. നിശ്ചിതസമയത്തിന്നു ഞാൻ അദ്ദേഹത്തിൻെറ മുറിയിൽ ചെന്നു. സിലോൺ സ്വദേശിയായ ഇദ്ദേഹം ഹൈദരബാദിലെ ഒരു സുഹൃത്തിൻെറ കൂടെയായിരുന്നു ഉണ്ടായിരുന്നതു്. ഞാൻ അവിടെചെന്ന സമയം ഞങ്ങളുടെ കപ്പലിലെ അമീറുൽ ഹജ്ജായിരുന്ന ഡോക്ടർ മജീദും ഇംഗ്ലണ്ടു്, ഫ്രാൻസ്, ജമ്മനി, അമേരിക്ക, ഈജിപ്റ്റ് ഇവിടങ്ങളിലെ സവ്വകലാശാലകളിൽവെച്ചു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള സുപ്രസിദ്ധ ഗ്രന്ഥകാരനായ ഡോക്ടർ ഹക്കും ബമ്മയിലെ ഒരു വാണിക ശ്രേഷ്ഠനായ മി. അബ്ദുൽ മജീദ സ്വാങ്ങും അവിടെ ഉണ്ടായിരുന്നു. അഖിലലോക മുസ്ലിം കോൺഫറൻസിൻെറ ആദ്യയോഗം അറേബ്യയിൽവെച്ചു് അക്കൊല്ലം ചേരണമെന്നായിരുന്നു അവരുടെ ആലോചന. ഈ മഹാശയന്മാരുടെ പരിചയം സിദ്ധിച്ചതു് എൻെറ ഈ യാത്രയിലെ നേട്ടങ്ങളിലൊന്നാണു്. കോൺഫറൻസ് സംബന്ധമായി

മദ്ധ്യപൂർവ്വപ്രദേശങ്ങളിലേയും, യൂറോപ്യൻ രാഷ്ട്രങ്ങളിലേയും, അറേബ്യ, അമേരിക്ക, ആഫ്രിക്ക, ആസ്ട്രേല്യാ, ഇംഗ്ലണ്ട്, ഇന്തോനേഷ്യ, റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങളിലേയും പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്താൻ വേണ്ടി ഞാനൾപ്പെടെയുള്ള ഒരു താല്ക്കാലിക കമ്മിററി കപ്പലിൽവെച്ചുതന്നെ രൂപവൽകരിക്കപ്പെട്ടു.

യാതൊരു രാഷ്ട്രീയ ഛായയും ഇല്ലാത്ത വെറും സാംസ്കാരികവും, സാമുദായികവുമായ ഒരു സംഘടനയായ ഈ കോൺഫറൻസിന്നു ഞങ്ങൾ കരുതിയതിലും എത്രയോ വമ്പിച്ച് സ്വാഗതമാണ് എല്ലാ മുസ്ലീം രാഷ്ട്രങ്ങളിൽനിന്നും മററു രാജ്യങ്ങളിൽനിന്നും അറേബ്യയിൽ സമ്മേളിച്ചിരുന്ന നേതാക്കന്മാരിൽനിന്നു ലഭിച്ചതെങ്കിലും പല അറബി നേതാക്കളും ഈ കോൺഫറൻസിൻെറ ആദ്യയോഗം അവിടെവെച്ച് അപ്പോൾ ചേരുന്നതിന്ന് അനുകൂലമായിരുന്നില്ല. ഇതിന്നവർ പറഞ്ഞിരുന്ന കാരണം ഇങ്ങിനെ ഒരു സമ്മേളനം ചേർന്നാൽ അതു നാം എത്ര സദുദ്ദേശത്തോടുകൂടി ചെയ്യുന്നതാണെങ്കിലും, പ്രസ്തുത കോൺഫറൻസിന്നു യാതൊരു രാഷ്ട്രീയ ഛായയും ഇല്ലെങ്കിലും വൻകോയ്മകൾ അതിനെ ലോകമുസൽമാന്മാരുടെ അവരോടുള്ള ഒരു വെല്ലുവിളിയായി കണക്കാക്കുമെന്നും പരിശുദ്ധഹജ്ജ കർമ്മത്തിന്നുവേണ്ടി ഇവിടെ സമ്മേളിക്കുവാൻ അവർ ചെയ്തുവരുന്ന സഹായസഹകരണങ്ങളെ നാം ദുരുപയോഗപ്പെടുത്തി എന്നു നമ്മെ കുററപ്പെടുത്തുമെന്നും വാർത്താവിതരണ ഏജൻസികൾ കാര്യത്തിൻെറ ഗൌരവമറിയാതെ അവയ്ക്കു തോ

ന്നിയപോലെ വ്യാഖ്യാനങ്ങൾനല്കി കോൺഫറൻസ് വാ ൎത്തകൾ വിവിധ രാജ്യങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടമെന്നും അതുമൂലം വേണ്ടാത്ത പല തെററിദ്ധാരണകളും കുഴപ്പങ്ങളും നേരിമെന്നും കളങ്കരഹിതമായ സൗദി അറേബ്യയെ ആശങ്കയോടും അസൂയയോടുംകൂടി വീക്ഷിക്കപ്പെട്ടവാൻ കാരണമായിത്തീരുമെന്നും അതുമൂലം അവിടെ കൊല്ലന്തോറും അനിയന്ത്രിതമായി വന്നുചേരുവാൻ ലോകമുസൽമാന്മാൎക്കുള്ള അധികാരാവകാശത്തിൽ അന്യകോയ്മകൾ കൈകടത്തുവാൻ കാരണമായിത്തീരുമെന്നും പ്രത്യേക ആദേശോദ്ദേശങ്ങളൊന്നും ഇല്ലാത്ത ഒരു ലോകമുസ്ലിം സംഘടന ഗുണത്തെക്കാളേറെ ദോഷങ്ങളാണുണ്ടാക്കിതീൎക്കുക എന്നുമായിരുന്നു. ഈജിപ്ഷ്യൻനേതാക്കളുമായി ഞങ്ങൾ തുടരത്തുടരെ നടത്തിയ സംഭാഷണങ്ങളിൽ അറേബ്യൻ നേതാക്കളുടെ വാദങ്ങൾ നിരൎത്ഥകവും നിലനില്ക്കത്തക്കതല്ലാത്തതുമാണെന്നായിരുന്നു അവരുടെ ബലമായ അഭിപ്രായം. പക്ഷെ, ഈ വേളകളിൽ അറേബ്യൻനേതാക്കളുടെ വാദങ്ങളെ ഞാൻ അപ്പടി സമ്മതിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും അവരുടെ വാദത്തിൽ ഏതാണ്ടൊക്കെ കാൎയ്യമുണ്ടെന്നു ഞാൻ അവരുടെ പക്ഷംപിടിച്ചു വാദിച്ചിരുന്നു. "അറാബിലീഗിനെപ്പററി താങ്കൾ എന്തുപറയുന്നു?" എന്നായിരുന്നു ഒരു ഈജിപ്ഷ്യൻ രാജ്യതന്ത്രജ്ഞൻ എൻെറ സുദീൎഘമായ വാദഗതികൾ ശ്രവിച്ചശേഷം എന്നോടു ചോദിച്ചതു്. "മുസ്ലിംരാഷ്ട്രങ്ങളിലെ നിങ്ങൾക്കു് മുസ്ലിംന്യൂനപക്ഷരാജ്യങ്ങളിലെ അനിസ്ലാമികഭരണകൂടങ്ങൾ മുസൽമാന്മാരെ തെററിദ്ധരിപ്പാനിടവന്നാലുണ്ടാകാവുന്ന ഭവിഷ്യ

ണ്ണ് അത്ര എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കയില്ല." എന്നായിരുന്നു ഇതിന്ന് എൻെറ മറുപടി. "എസ്സ്. എസ്സ്. അലവി"യിൽവെച്ചു ഞങ്ങൾ വിളിച്ചുകൂട്ടിയിരുന്ന ഒരു യോഗത്തിൽവെച്ചു വേറെ കാരണങ്ങളാൽ ഈ സംഘടനയെ എതിർത്തിരുന്ന ഒരു മാന്യനെ ഞാനായിരുന്നു വായ മൂടിക്കെട്ടിയിരുന്നതു്. എന്നാൽ അറേബ്യൻനേതാക്കളുടെ വാദമുഖങ്ങൾ, എൻെറ ആദ്യത്തെ അഭിപ്രായത്തിൽ ഗണ്യമായ മാററം വരുത്തുകയുണ്ടായി. എങ്കിലും സദുദ്ദേശത്തോടുകൂടിയ ഞങ്ങളുടെ സമ്മേളനത്തെ അവജ്ഞയോടെ വീക്ഷിക്കാതെയും, തെററിദ്ധരിക്കപ്പെടാതേയും എല്ലാ രാഷ്ട്രങ്ങളും അനുകൂലിച്ചിരുന്നുവെങ്കിൽ മുസ്ലീംന്യൂനപക്ഷരാജ്യങ്ങളിലെ മുസൽമാന്മാർ മുഖേന മുസ്ലീംരാഷ്ട്രങ്ങളുമായി കൂട്ടുകെട്ടിലേർപ്പെടാൻ മുസ്ലീംന്യൂനപക്ഷരാജ്യങ്ങളിലെ മുസൽമാന്മാർക്കുംകൂടി പ്രാതിനിദ്ധ്യമുള്ള ഈ സംഘടന ആ രാജ്യങ്ങൾക്ക് തീർച്ചയായും സഹായകമായിത്തീരുമായിരുന്നു. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും പരിശുദ്ധമുള്ള ഹജ്ജ കർമ്മത്തിന്നു വന്നുചേരുന്ന മഹാന്മാർ അവരുടെ മതകർമ്മങ്ങൾമാത്രം നിർവ്വഹിച്ചു തിരിച്ചുപോകുന്നതിന്നുപകരം വിവിധരാജ്യക്കാർതമ്മിൽ ഒരു സ്ഥിരപരിചയവും ബന്ധവും സ്ഥാപിപ്പാനും; അതാതുരാജ്യങ്ങളെപ്പററി സ്ഥിതിഗതികൾ അന്യോന്യം മനസ്സിലാക്കുവാനും, അതുമൂലം വമ്പിച്ച പല നേട്ടങ്ങളും ഉണ്ടാകുവാനും സംഗതിയുള്ളതുകൊണ്ടും ഇക്കഴിഞ്ഞ ലോകമഹായുദ്ധാനന്തരം രാജ്യങ്ങൾ തമ്മിലുള്ള അകൽച്ച തീരെ ഇല്ലാതാകയും യാതൊരു രാഷ്ട്ര

ത്തിന്നും ദേശീയവിഭാഗത്തിന്നും ലോകത്തിലെ ഇതരരാഷ്ട്രങ്ങളുമായി അകന്നുനില്പാൻ പ്രയാസമായിത്തീരുകയും ചെയ്തിരിക്കയാൽ സാമ്പത്തികമായും വ്യവസായികമായും വികസിക്കേണ്ടുന്ന ചെറുരാഷ്ട്രങ്ങൾക്ക് തങ്ങളുടെ നിലനില്പിന്നും സമ്പൽസമൃദ്ധവും വിഭവസമൃദ്ധവുമായ രാഷ്ട്രങ്ങൾക്ക് പുതുകമ്പോളങ്ങൾ തേടിപ്പിടിപ്പാനും ഇതരരാജ്യങ്ങളും തന്നിവാസികളുമായി സമ്പർക്കം ഒഴിച്ചുകൂടാൻ വയ്യാതായിത്തീർന്നിരിക്കുന്നുവെന്നുള്ള വസ്തുതയും ഈ സംഘടനയുടെ ആവശ്യകത വേണ്ടതിലധികം വ്യക്തമാക്കുന്നുണ്ട്.

കപ്പൽ സഞ്ചാരത്തിന്നിടയിൽ ഒരു ദിവസം കപ്പലിൽ സൈ്വരമായിരുന്ന് കടലിൽ എന്തെല്ലാമാണ് കാണുവാൻ കഴിയുക എന്ന സൂക്ഷ്മാവലോകനം ചെയ്യാൻ വിനിയോഗിച്ചു. പലതരം പാമ്പുകളെയും വിവിധവർണ്ണങ്ങളിലും വലുപ്പങ്ങളിലുമുള്ള മത്സ്യങ്ങളെയും മററു പല ഇഴജന്തുക്കളെയും ജലജീവികളെയും സുലഭമായികണ്ടു. വളരെ ദൂരത്തോളം വെള്ളം തൊടാതെ പറന്നുപോകുന്ന ഒരു തരം മത്സ്യം കാഴ്ചക്ക് വളരെ കൌതുകം ജനിപ്പിച്ചു. അന്നുവൈകുന്നേരം തന്നെ പ്രാർത്ഥനാനന്തരം കപ്പലിൻെറ പിൻഭാഗത്ത് ഗതിവേഗം കാണിക്കുന്ന യന്ത്രം ഘടിപ്പിച്ച സ്ഥാനത്ത് ഞാനും ചില സ്നേഹിതന്മാരും പോയി നിന്നപ്പോൾ കുറച്ചകലെയായി ഒരു വലിയ തിമിംഗലത്തെ കാണുകയുമുണ്ടായി. ചില അവസരങ്ങളിൽ വൻമത്സ്യങ്ങൾ-സ്രാവുകളാണെന്നുതോന്നുന്നു- കപ്പലിനെ പിന്തുടൎന്നു ഓടിവരുന്നതു കാണാം. അദിന്ന അഥവാ ഏഡൻ തുറമുഖത്ത് ക

പ്പൽ കരിനിറയ്ക്കാൻ നിൎത്തുമെന്നായിരുന്നു ആദ്യം അറി ഞ്ഞിരുന്നതു്. എന്നാൽ "ക്വാറാൻ ടൈൻ" ചെയ്യുന്ന കമറാനിൽ മാത്രമെ കപ്പൽ നിൎത്തുകയുള്ളുവെന്നു് പിന്നീടറിവായി. 1354 നാഴിക കടലിൽ സഞ്ചരിച്ച ശേഷം അറേബ്യൻ അൎദ്ധദ്വീപിന്റെ തെക്കെ കടൽ തീരത്ത് സ്ഥിതി ചെയ്യുന്ന ശഖരും പിന്നെ 15 നാഴികയും കൂടിപോയപ്പോൾ മുഖല്ലയും വളരെ വ്യക്തമായില്ലെങ്കിലും കാണ്മാൻ കഴിഞ്ഞു. ബോമ്പായിൽ നിന്നു 1643 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഏഡൻ പട്ടണത്തിൽ കപ്പൽ നിൎത്തിയിരുന്നില്ലെങ്കിലും ഏഡൻ തുറമുഖം കപ്പലിൽ നിന്നു നല്ലവണ്ണം കാണ്മാൻ സാധിച്ചു. അറേബ്യയുടെ ഏററവും തെക്ക പടിഞ്ഞാറായി 'ബാബൽ മൻദബ്' എന്ന അറബിക്കടലും ചെങ്കടലും സംയോജിക്കുന്ന കടലിടുക്ക് ചെങ്കടലിലേക്ക് പ്രവേശനദ്വാരം നല്കുന്നതിന്നടുത്തായി ഒരു നഗരിയും അതിന്നു പിമ്പിൽ വെറും പൂഴിയും പാറക്കൂട്ടങ്ങളും നിറഞ്ഞ ചുരുക്കം ചതുരശ്രമൈലുകൾ മാത്രമടങ്ങിയ ഒരു പ്രദേശവും ചേൎന്നതാണു് ഏഡൻ. ചെങ്കടലിലേയ്ക്കുള്ള കപ്പൽ പ്രദേശത്തെ നിയന്ത്രിക്കുന്ന തന്ത്രപ്രധാനമായ സ്ഥലമാണെന്നുള്ളതുകൊണ്ടും കപ്പൽ എഞ്ചിനുകൾക്കാവശ്യമായ എണ്ണ കൽക്കരി ഇവ സപ്ലൈചെയ്യാൻ ഏററവും സൌകൎയ്യമുള്ള ഒരു സ്ഥലമാണെന്നുള്ളതുകൊണ്ടും ഏഡൻ വളരെ പ്രാധാന്യമൎഹിക്കുന്നു. ഇതു ബ്രിട്ടീഷാധിപത്യത്തിലാണു്. പാശ്ചാത്യ രാജ്യങ്ങളിൽനിന്നു കിഴക്കൻ രാജ്യങ്ങളിലേയ്ക്കും ഇന്ത്യയിലേയ്ക്കും അതുപ്രകാരംത

ന്നെ ഈ രാജ്യങ്ങളിൽനിന്ന് അങ്ങോട്ടേക്കുമുള്ള കപ്പൽവഴിയായി ഈ സ്ഥലം വളരെ ചരിത്രപ്രാധാന്യമുള്ളതായിതീന്നതിൽ ആശ്ചര്യമില്ലല്ലോ.

ഒരവസരത്തിൽ കപ്പിത്താനുമായി ഞാൻ സംസാരിക്കുമ്പോൾ "സുക്ക്സ്രാൻ" കടക്കുമ്പോൾ എനിക്കറിവു തരണമെന്നു ഞാൻ അദ്ദേഹത്തോടപേക്ഷിക്കുകയുണ്ടായി അദ്ദേഹം പൊട്ടിച്ചിരിച്ചു. എനിക്കെന്തൊ ആ സ്ഥലത്തിൻെറ നാമധേയത്തിൽ പിഴവുപററിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കി. "സൊക്കൊട്ടാ" ദ്വീപിന്നു സമീപം നമുക്കു സഞ്ചരിക്കേണ്ടിവരുമെന്നും അതിന്നടുത്തെത്തുമ്പോൾ ദൂരദർശിനിയിൽകൂടി ആ സ്ഥലം കാണിച്ചുതരാമെന്നും അദ്ദേഹം ഏററു. ഇതുപ്രകാരം പല സ്ഥലങ്ങളും ദൂരദർശിനിയിൽകൂടി ഞാൻ നോക്കിക്കാണുകയുണ്ടായി. ഞങ്ങളുടെ കപ്പൽ ചെങ്കടലിൽ പ്രവേശിക്കുമ്പോൾ ഇടത്തുഭാഗത്ത് അതിവിദൂരമല്ലാതെ ആഫ്രിക്കൻ പർവ്വതനിരകളും വലത്തുഭാഗത്ത് അറേബ്യൻ മലപ്രദേശങ്ങളും തെളിഞ്ഞുകണ്ടിരുന്നു. പിന്നീടു ഞങ്ങളുടെ കപ്പൽ 1310 നാഴിക നീളത്തിൽ 'സൂയിസ്' തോടുവരെ നീണ്ടുകിടക്കുന്ന ചെങ്കടലിൽ അഥവാ റെഡ്സീ എന്ന ഉൾക്കടലിൽകൂടി ഒരു ഭാഗം ആഫ്രിക്കൻ വൻകരയുടേയും മറുഭാഗം അറേബ്യൻ അർദ്ധദ്വീപിൻെറയും ഇടയിൽകൂടെ സഞ്ചരിപ്പാൻ തുടങ്ങി. കപ്പലിൽ അത്യുഷ്ണവും കണ്ടുതുടങ്ങി. കടലിലെ വെള്ളത്തിന്നും വളരെ മാററമുണ്ടായിരുന്നു. കടലിൽകൂടിയുള്ള തീൎത്ഥാടനക്കാർ "യലംലം" എന്ന അറേബ്യൻ പ്രദേശത്തി

ന്നനേരെ എത്തുമ്പോൾ 'ഇഹറാം' (വസ്ത്രങ്ങൾ മാററി ഒരു തുണിമാത്രം ഉടുക്കുകയും ഒരു തുണി പൂൺനൂല്പ ധരിക്കുന്ന മാതിരി ദേഹത്തിൽ പുതക്കുകയും) ധരിക്കേണ്ടതാകയാൽ യാത്രക്കാരെല്ലാം അതുപ്രകാരം ചെയ്തിരുന്നതുകൊണ്ടു ഉഷ്ണത്തിന്നു വളരെ ശാന്തത ഉണ്ടായിരുന്നു. ഏഡൻ കടന്നശേഷം 177 നാഴികയും കൂടി കപ്പലോടിയതിൽ പിന്നെ കമറാനിൽ എത്തി കപ്പൽ നങ്കൂരമിട്ടു. അവിടെ ബോട്ടുകളിൽ വന്നിരുന്നവക്കു യാത്രക്കാർ കടലിലേയ്ക്കു് നാണ്യങ്ങൾ എറിഞ്ഞുകൊടുപ്പാൻ തുടങ്ങി. ആ നാണ്യങ്ങൾ കടലിൽ മുങ്ങി എടുത്തു വെളിയിൽ കാണിച്ചു കാണികളെ അത്ഭുതപ്പെടുത്തിയിരുന്നതു നേത്രാനന്ദകരമായ ഒരു കാഴ്ചയായിരുന്നു. ഇവിടെ നിന്നു പച്ച ഈത്തപ്പഴം, പച്ച മത്സ്യം, പച്ചക്കറി, തണ്ണിമത്തൻ മുതലായവ വാങ്ങാൻ സൌകര്യപ്പെട്ടു. യാത്രക്കാരിൽ ചിലക്കു കടൽപനി ബാധിച്ചിരുന്നുവെങ്കിലും അവയെല്ലാം സുഖപ്പെട്ടിരുന്നതിനാലും ആക്കും വേറെ രോഗങ്ങളൊന്നും ഇല്ലാതിരുന്നതിനാലും ഞങ്ങളുടെ കപ്പലിന്നു അവിടംവിടുവാനുള്ള അനുവാദം വേഗം ലഭിക്കുകയുണ്ടായി. ബോമ്പായിൽ നിന്നു 2350 നാഴിക കടലിൽ സഞ്ചരിച്ചശേഷം ഞങ്ങൾ ജിദ്ദാ തുറമുഖത്തെത്തി. ജിദ്ദയിൽ കപ്പൽ നില്ക്കുന്നതു കടൽതീരത്തുനിന്നു വളരെ അകലെ കോഴിക്കോട്ടു നഗരത്തിലും മററും കപ്പൽ നില്ക്കുന്ന തരത്തിലാണു്. ഒക്ടോബർ 18-ാം തിയ്യതി വെള്ളിയാഴ്ച കാലത്തു് കപ്പൽ ഈ തുറമുഖത്തണഞ്ഞു. വളരെയധികം സാമാനങ്ങൾ കരക്കെ

ത്തിക്കണം. ആളുകൾക്ക് വഞ്ചിവഴി കരയിലെത്തണം. ഏററവും ദുഘടവും കഷ്ടപ്പാടും ഉള്ള ഒരു ജോലിയാണിത്. സാധാരണ വഞ്ചിയിൽ യാത്രക്കാരെയും സാമാനങ്ങളും കരക്കെത്തിക്കേണ്ടുന്നതിന്നുള്ള ചാർജ്ജ് കപ്പൽകമ്പനിക്കാർ വസൂലാക്കീട്ടുണ്ടായിരുന്നു. എന്നാൽ അതിൽ യാത്ര ചെയ്യുന്നതിലുള്ള ക്ലേശവും സമയ ദൈർഘ്യവും ഓർത്ത് ഒരു സ്റ്റീംബോട്ട് ഏപ്പാട ചെയ്താണ് ഞാനും ചില സുഹൃത്തുക്കളും കരയിലേക്കു കടന്നത്. അവിടെ കസ്റ്റംസ്കാരുടെ പരിശോധനക്കുശേഷം മലയാളികളുടെ "വക്കീലാ"യ മി: മൂസ്സ മലബാറി ഞങ്ങളുടെ താമസത്തിന്ന് ഏപ്പാടുചെയ്തിരുന്ന കെട്ടിടത്തിലെത്തി. അറേബ്യൻ സമുദ്രതീരപ്രദേശങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതും എല്ലാ വിദേശതന്ത്രപ്രതിനിധികളുടേയും മന്ദിരങ്ങൾ സ്ഥിതിചെയ്യുന്നതും പവിത്ര മക്കാപട്ടണം, പരിശുദ്ധ മദീനാനഗരി മുതലായ പുണ്യസ്ഥലങ്ങളിലേക്കു പോകുന്ന വാഹനഗതാഗതങ്ങളുടെ സംഗമസ്ഥാനവും, വിദേശങ്ങളിലേക്കു വിമാനയാത്ര ചെയ്യേണ്ടതിന്നുള്ള വിമാനസങ്കേതം സ്ഥിതിചെയ്യുന്നതുമായ ജിദ്ദാപട്ടണം അറേബ്യൻ തീരത്തിലെ ഏററവും വലിയ തുറമുഖവും കൂടിയാണ്. യാത്രക്കാരുടെ താമസസൌകര്യങ്ങളേപ്പെടുത്തികൊടുക്കേണ്ടതിന്നും മററു സഹായസഹകരണങ്ങൾക്കു വേണ്ടിയും മി: മൂസ്സ മലബാറിക്കു ഗവമ്മേണ്ടിൽനിന്നും ഗണ്യമായ ഒരു തുക കൊല്ലന്തോറും കൊടുത്തുവരുന്നുണ്ടെങ്കിലും അദ്ദേഹം ചെയ്തുവരാറുള്ള ഏപ്പാടുകൾ തീരെ തൃപ്തികരമല്ലാത്ത നിലയിലാണ്. ഇതേ അനുഭവംതന്നെ

യായിരുന്ന ഞങ്ങൾക്കും ഉണ്ടായത്. ഞങ്ങളുടെ കപ്പലിൽ സഞ്ചരിച്ചിരുന്ന മററു രാജ്യക്കാൎക്ക് ജിദ്ദയിലുള്ള അവരുടെ വക്കീലന്മാർ പിറേറ ദിവസം രാവിലെതന്നെ വിശുദ്ധ മക്കയിലേയ്ക്കു പോകുവാനുള്ള വാഹനസൌകൎയ്യങ്ങൾ ഏൎപ്പാടു ചെയ്തിരുന്നുവെങ്കിലും മി. മൂസ്സ ഞങ്ങൾക്കുവേണ്ടി അങ്ങിനെ ചെയ്തിരുന്നില്ല. ജിദ്ദയിൽ താമസത്തിന്നുള്ള അസൌകൎയ്യവും മക്കയിൽ ചെന്നുചേരുവാനുള്ള ആകാംക്ഷയും ഞങ്ങളെ കുറഞ്ഞൊന്നു അക്ഷമരാക്കിത്തീൎത്തു. ഒരു ദീൎഘിച്ച കപ്പൽ യാത്രാനന്തരം ശരിയായി ഒന്നു കുളിപ്പാനൊ, നീണ്ടുനിവൎന്നു ഒരിടത്തുറങ്ങുവാനൊ, സുഖമായി ഒരു നേരത്തെ ഭക്ഷണം കഴിപ്പാനൊ സൌകൎയ്യപ്പെടാതെ ജദ്ദിയിൽ താമസിക്കുക എന്നുള്ളതു വളരെ വിഷമമായിത്തോന്നി. കുടിപ്പാനും, കുളിപ്പാനും അവിടെ ഉപ്പുവെള്ളമാണ് ഉപയോഗിക്കുന്നതു്. കൊതു, ഈച്ച ഇവയുടെ ഉപദ്രവമാണെങ്കിൽ അസഹനീയം. ഞാൻ ഇന്ത്യൻ വൈസ് കോൺസൽ മി. ഷാജിഹാനെ ചെന്നുകണ്ടു മക്കയിലേക്ക് ഞങ്ങൾക്കു കഴിയുന്ന വേഗത്തിൽ വാഹന സൌകൎയ്യമേൎപ്പെടുത്തി കിട്ടേണ്ടതിലേക്ക് അദ്ദേഹത്തിൻെറ സഹായമഭ്യൎത്ഥിച്ചു. ഞായറാഴ്ച ഉച്ചക്കു പുറപ്പെടുവാൻ തക്കവണ്ണം അദ്ദേഹം ചെയ്ത ഏൎപ്പാടുകൾ കൃതജ്ഞതാപൂൎവ്വം സ്മരിക്കേണ്ടുന്ന ഒന്നാണ്. മക്കയിൽ ഞങ്ങളുടെ താമസസൌകൎയ്യങ്ങളുടേയും മതകൎമ്മങ്ങളുടേയും മേലന്വേഷണത്തിന്നു ആരെയെങ്കിലും ഒരു മുതവഫിനെ തിരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. മലയാളികൾക്ക് സെയ്യിദ് അഹമദ് മൂസാവയും സെ

യ്യിദ് ഉമർസിറാജവലിയുമാണുള്ളതു്. ഇവരിൽ രണ്ടാമതായി പ്രസ്താവിച്ച മാന്യനെയാണു് ഞങ്ങൾ തിരഞ്ഞെടുത്തതു്. ഞങ്ങൾ ജിദ്ദയിൽനിന്നു മക്കയിലേയ്ക്കു പുറപ്പെട്ടമ്പോൾ മദീനയിലെ വലിയ ഒരു അറബിപ്രമുഖനായ മി. സയ്യിദ്ആലി ഒസയ്യിദ് ഉസ്മാൻ ഹാഫിസ് എന്ന മാന്യന്നു് എന്നെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു എഴുത്തു് ഇന്ത്യൻ വൈസ് കോൺസൽ എന്നെ ഏല്പിച്ചു. (ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന്നു മുമ്പായിരുന്നതുകൊണ്ടു് ഇന്ത്യക്കു് അന്നു അറേബ്യയിൽ അമ്പാസിഡർ ഉണ്ടായിരുന്നില്ല. ബ്രിട്ടീഷു് അമ്പാസിഡരുടെ കീഴിൽ ഇന്ത്യക്കാരുടെ കാര്യം വൈസ് കോൺസലായിരുന്നു നോക്കിവന്നിരുന്നതു്.)

ജിദ്ദയിൽനിന്നു വിശുദ്ധ മക്കാപട്ടണംവരെ പരിഷ്കൃത രീതിയിലുള്ള റോഡ് പണിതിട്ടുണ്ടു്. അതുകൊണ്ടു് ജിദ്ദയിൽനിന്നു് അമ്പത്തിരണ്ടു നാഴിക അകലെ അറേബ്യൻ മണലാരണ്യത്തിൽ സ്ഥിതിചെയ്യുന്ന അതിമനോഹരമായ മക്കാനഗരിവരെയുള്ള ഞങ്ങളുടെ യാത്രസുഗമവും സുഖകരവുമായിരുന്നു. മക്കാപട്ടണം വളരെ പുരാതനമായ ഒന്നാണെങ്കിലും കാലോചിതമായ പല പരിഷ്കാരങ്ങളും ഇപ്പോഴത്തെ ഭരണകർത്താവായ 'ഇബനുസ്സ ഊദ്' ഈ പട്ടണത്തിന്നു വരുത്തീട്ടുണ്ടു്. ക്ലോക്ക് ടവർ, മിനാരങ്ങൾ, മാക്കറവ്, ഹോട്ടലുകൾ, തെരുവീഥികൾ ഇവയെല്ലാം പരിഷ്കരിച്ചവതന്നെ. കൂടാതെ പണ്ടു് കാലത്തു് വെള്ളം അമൃതിനേക്കാൾ ദുർല്ലഭമായിരുന്ന ഇവിടെ "സുബൈദ" എ

ന്ന നാമധേയത്തിൽ പൈപ്പുവെള്ളം സുലഭമായി ഇപ്പോൾ ലഭിച്ചുവരുന്നു. പട്ടുവസ്ത്രങ്ങൾ, പാൽ, മണ്ണെണ്ണ, പഞ്ചസാര, അരി, ഗോതമ്പം ഇവ എവിടെയും എത്രയും കിട്ടും. പക്ഷെ, മണ്ണെണ്ണ ഒഴിച്ചു ബാക്കി സാധനങ്ങൾക്ക് വില കുറെ കൂടുതലാണെന്നു സമ്മതിക്കാതെ തരമില്ല. അറേബ്യയിലാകെ പ്രചാരത്തിലിരിക്കുന്ന ഗവർമ്മെണ്ടിന്റെ ആ മുഖപത്രമായ "ഉമ്മുൽഖുറാ"യും നാട്ടുകാരുടെ വകയായി നടത്തിവരുന്ന "അൽബിലാദി സുഊദിയ"യും ഇവിടെ നിന്നാണ് പുറപ്പെടുന്നതു്. മിക്കവീടുകളിലും റേഡിയോ സെററുകൾ ഉണ്ടു്. വിദ്യുച്ഛക്തിയുടെ അഭാവത്തിൽ ബേററിസെററുകളാണ് വീടുകളിൽ ഉപയോഗിച്ചുവരുന്നതു്. റസൂൽ തിരുമേനി ഭൂജാതനായി 1374 സംവത്സരങ്ങൾ കഴിഞ്ഞശേഷമാണ് ഞാൻ ആ വിശുദ്ധ നഗരിയിൽ പ്രവേശിച്ചതെങ്കിലും ആ നഗരിയിൽ കൊല നിഷിദ്ധമാക്കി നഗരം പരിശുദ്ധമാക്കി നബിതിരുമേനി വിളംബരംചെയ്ത അതേക്രമത്തിൽ ഇന്നും പരിപാലിച്ചുവരുന്നുവെന്നു കണ്ടതിൽ ഞാൻ ആനന്ദതുന്ദിലനായി. ആ നഗരി സന്ദർശിക്കുവാൻ ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനായി. ദൈവസ്തോത്രം ഈ യാത്രയാസകലം അനുഷ്ഠിച്ച ഒരു കർമ്മമായതുകൊണ്ടു് എല്ലായിടത്തും അവ എടുത്തു പറയുന്നില്ല. ഞങ്ങൾ ഒക്ടോബർ 20-ാംതിയ്യതി വൈകുന്നേരമാണ് അവിടെ എത്തിച്ചേർന്നതു്. ജിദ്ദയിലും, മക്കയിലും മറെറല്ലാ ഇടങ്ങളിലും ലോകത്തിലെ ഏതു നാണ്യങ്ങളും ഒത്തുമാറാനുള്ള സൌകര്യങ്ങൾ ധാരാളം

ഉണ്ടായിരുന്നു. അതാതവസരങ്ങളിൽ അവനവന്റെ ആവശ്യാനുസരണം നാണ്യങ്ങൾ മാററിയാൽ മതിയാവുന്നതാണ്. അവിടെ കറൻസികൾ നടപ്പില്ല. ഇന്ത്യൻ നാണയം ഒരുറുപ്പികയുടെ മാതൃകയിൽ അവിടെ "റിയാൽ" എന്നപേരായ നാണ്യമാണുള്ളത്. ഇതിന്റെ വിനിമയത്തോതും ഏതാണ്ട് ഒരുറുപ്പികക്കു തുല്യമാണ്. $\frac{1}{2}$ റിയാൽ $\frac{1}{4}$ റിയാൽ ഇവ $\frac{1}{2}$ ഉറുപ്പിക $\frac{1}{4}$ ക നാണ്യങ്ങൾ മാതിരിതന്നെയാണ്. ഒരണക്കുതുല്യം വിലവരുന്ന വട്ടത്തിലുള്ള 'ക്രശ്' എന്ന നിക്കൽ നാണ്യവും ഇതിന്റെ ഭിന്നിതങ്ങളായി $\frac{1}{2}$ ക്രശ്, $\frac{1}{4}$ ക്രശ് (ഹലാൽ) ഇവയും മാത്രമാണ് അവിടത്തെ ആകപ്പാടെയുള്ള നാണ്യങ്ങൾ. ഒരു റിയാലിന്ന് 22 ക്രശാണ് കിട്ടുക.

മക്കാനഗരിയിൽ മദ്ധ്യത്തിൽ അതിവിശാലമായ മസ്ജിദുൽഹറാമിനാൽ ചുററപ്പെട്ടു സ്ഥിതിചെയ്യുന്ന ബഹുമാനപ്പെട്ട "കഅബ"യെ ഞാൻ മസ്ജിദുൽഹറാമിന്റെ കവാടങ്ങളിലൊന്നായ "ബാബ് ഇബ്രാഹി" മിൽകൂടി കണ്ടപ്പോൾ എനിക്കുണ്ടായ ഭയഭക്തിക്ക് അതിരുണ്ടായിരുന്നില്ല. എത്രകൊല്ലം ആ ദേവാലയത്തെ നോക്കിനിന്നാലും മതിവരുമെന്നു വിചാരിക്കുന്നതു വെറുതെയാണ്. കറുത്തപട്ടുവിരിപ്പിനാൽ ആവരണം ചെയ്യപ്പെട്ട്, മേല്പുരയൊ, ചുററുമതില്ല മറവൊ ഇല്ലാതെ ഏകനായ ആ നില്പ് ആ മഹൽമന്ദിരത്തിന്റെ മനോഹരതയെയും മഹനീയതയെയും മാഹാത്മ്യത്തെയും മതിയായത്ര വെളിവാക്കുന്നുണ്ട്. ഒരു കാലത്ത് "ലാത്ത്" "ഉസ്സ" "ഹുബലുൽഅയലാ" തുടങ്ങിയ

ബിംബങ്ങളെവഹിച്ച ഭാരം പേറിനിന്നിരുന്ന ഈ രമ്യഹർമ്മ്യം ഇന്നിതാ അനാഡംബരമായി നിശ്ചലമായി നില കൊള്ളുന്നു. പരിശുദ്ധ "ഖഅബ"യെ ഏഴുതവണ പ്രദക്ഷിണം ചെയ്തതിൽ പിന്നെ "സംസം" എന്ന പുണ്യതീർത്ഥം വയറുനിറയെ പാനം ചെയ്തശേഷം "സഫാ" പർവ്വതതാഴ്‌വരയിൽനിന്നു ഭജാറിൽകൂടി "മർവാ" പർവ്വതപ്രാന്തത്തിലേയ്ക്ക് ഞങ്ങൾ ഓടിത്തുടങ്ങി. ഏഴുപ്രാവശ്യം അങ്ങോട്ടും ഇങ്ങോട്ടും ഓടിയതോടുകൂടി അന്നത്തെ ചടങ്ങുകൾ അവസാനിച്ചു. മക്കയിലെ ഏററവും പ്രാധാന്യമേറിയ തെരുവീഥിയിൽകൂടിയാണ് ഓടേണ്ടത്. സൃഷ്ടികർത്താവിൻെറ ഈ കല്പനയനുസരിക്കുന്നതിൽ രാജാവെന്നോ, പ്രജയെന്നോ, കുബേരനെന്നോ, കുചേലനെന്നോ, മുതലാളിയെന്നോ, തൊഴിലാളിയെന്നോ, യജമാനനെന്നോ, ഭൃത്യനെന്നോ വകഭേദമില്ല. എല്ലാവരും ഒരു കഷ്ണം തുണികൊണ്ടു നഗ്നത മറയ്ക്കുകയും; ഒരു കഷ്ണം തുണി കഴുത്തിൽ പൂണൂൽ ധരിക്കുന്നമാതിരി ഇടുകയും ചെയ്തിട്ടാണ് ഇങ്ങിനെ ചെയ്യുന്നതു്. കത്തിയെരിയുന്ന വെയിലിൽ തല മറയ്ക്കാൻ പാടുമില്ല. ഞങ്ങളുടെ മതചടങ്ങുകളുടെ നിർവ്വഹണാനന്തരം ഞങ്ങൾ സയ്യിദ് സിറാജിൻെറ ഭവനത്തിലേയ്ക്കു പോകയും അദ്ദേഹം ഞങ്ങളുടെ ബഹുമാനാർത്ഥം ഏർപ്പാടുചെയ്തിരുന്ന വിരുന്നിൽ പങ്കുകൊള്ളുകയും ചെയ്തു. ഞങ്ങളുടെ മക്കയിലെ താമസം ചെമ്മങ്കടവു സ്വദേശിയും, മക്കയിലെ സാമാന്യം വലിയ ഒരു വ്യാപാരിയുമായ മി. പട്ടർ കടവൻ അലവിഹാജിയുടെ ജബൽ ഉ

മറിലുള്ള വീട്ടിലായിരുന്നു. നവമ്പ്ര് 1-ാംതിയ്യതിവരെ മക്കയും അയൽപ്രദേശങ്ങളും ചുററിസഞ്ചരിച്ച് വിശേഷപ്പെട്ട കാഴ്ചകൾകണ്ടു കഴിച്ചുകൂട്ടി. നവമ്പ്ര് 1-ാംതിയ്യതി വെള്ളിയാഴ്ച പ്രാത്ഥനാനന്തരം ഞങ്ങൾ വിശുദ്ധമക്കയിൽനിന്ന് "അറഫാ" എന്ന വിജനപ്രദേശത്തേയ്ക്കു പുറപ്പെട്ടു. ഈ വഴിക്കാണ് സുൽത്താൻ ഇബ്നസുഊദിൻെറ മക്കയിലെ അരമനയും സുപ്രസിദ്ധ ശ്മശാനമായ "ജന്നത്തുൽ മഅല്ലും" സ്ഥിതിചെയ്യുന്നത്. അന്നുരാത്രി അറഫായിൽ താമസിച്ച് പിറേറദിവസം "ജബൽറമ്മത്ത്" എന്ന മലയിൽവെച്ചുള്ള പ്രാത്ഥനാനന്തരം അവിടെ ഞങ്ങളുടെ വിശ്രമത്തിന്നുവേണ്ടി ഏപ്പെട്ടത്തിയിരുന്ന കൂടാരത്തിലേയ്ക്കു പോയി. അവിടെ പാപമോചനത്തിന്നുവേണ്ടി പശ്ചാത്തപിച്ചുകൊണ്ടു ജനങ്ങൾ കൂട്ടംകൂട്ടമായി കേഴുന്ന കാഴ്ച ഏററവും ഹൃദയാവജ്ജകമായിട്ടുള്ളതാണ്. അവിടെ ലോകത്തിലെ സവ്വരാഷ്ട്രങ്ങളുടേയും പതാകകൾ പറപ്പിച്ചിരുന്നു. അവിടെവെച്ച് അഖിലേന്ത്യാ മുസ്ലിംലീഗിൻെറ വകയായി അറേബ്യ സന്ദശിച്ചിരുന്ന നിവേദകസംഘാംഗങ്ങളുമായി കാണുവാൻ എനിക്കു സാധിച്ചു. മൌലാന അബ്ദുൽഹമീദ കാതിരി ബദൌനി, മൌലാനാ അബ്ദുൽ അലീംസിദ്ദീഖ്, ശൈഖ് അബ്ദുൽതയ്യിബ്ബ് എന്നിവരായിരുന്നു നിവേദകസംഘത്തിലുണ്ടായിരുന്നത്. ഇവർ ഇബനുസുഊദമായി കാണുകയും ഇന്ത്യക്കാരുടെപേരിൽ പല നിവേദനങ്ങളും സമപ്പിക്കുകയും ചെയ്തിരുന്നു. ഇവരുടെ നിവേദനങ്ങളിലടങ്ങിയ സംഗതികളെസംബന്ധിച്ചു സംസാരിക്കുവാൻ ഞ

ങ്ങൾതമ്മിൽ കണ്ട അവസരം അത്ര പാറിയതല്ലായിരുന്നതിനാൽ അതിനേസംബന്ധിച്ച് അന്നു ഞാൻ യാതൊരഭിപ്രായപ്രകടനവും ചെയ്തിരുന്നില്ല. പിന്നീട് മദീനയിലായിരുന്നപ്പോൾ അവർ സമർപ്പിച്ച നിവേദനങ്ങളുടെ സാരം ഞാൻ ഗ്രഹിച്ചിരുന്നു. അതിലടങ്ങിയ സംഗതികളിൽ ഒന്ന് തീർത്ഥയാത്രക്കാരിൽനിന്നു സുഊദി ഗവമ്മേണ്ടു് ആളൊന്നുക്ക് വസൂലാക്കിവരുന്ന 486ക 8ണ പ്രകാരമുള്ള സംഖ്യ വസൂലാക്കുന്നതു നിത്തൽ ചെയ്യണമെന്നായിരുന്നു. ഭൂനികുതിയായൊ, എക്സൈസ് നികുതിയായൊ യാതൊരു വരുമാനവുമില്ലാത്ത സുഊദിഗവൎമ്മണ്ടിന്നു് വമ്പിച്ച സൈന്യസന്നാഹങ്ങളും പോലീസ്സ് സംഘടനയും നിലനിത്തുകയും, പല ഗവമ്മേണ്ടുഡിപ്പാർട്ടുമെണ്ടുകളെയും പുലത്തിപ്പോരുകയും, വിശുദ്ധപുണ്യസ്ഥലങ്ങളെ പരിപാലിച്ചുവരികയും ചെയ്യേണമെങ്കിൽ ഇങ്ങിനെ ഒരു വരവു് ഇല്ലാതെ എങ്ങിനെയാണ് സാധിക്കുക എന്നെനിക്കു മനസ്സിലായില്ല. എന്റെ ഈ അഭിപ്രായം ഞാൻ പല അറബിപ്രമുഖന്മാരോടും ഉദ്യോഗസ്ഥമേധാവികളോടും തുറന്നുപറയുകയും ചെയ്തിരുന്നു. ഇതു നിത്തൽചെയ്യാൻ സാധിക്കയില്ലെന്നാണ് നിവേദനസംഘത്തിന്നു് സുഊദഗവമ്മേണ്ടു മറുപടി നല്കിയിരുന്നതെന്നു മടക്കയാത്രയിൽ ജിദ്ദയിൽവെച്ചു ഞാൻ നടത്തിയ അന്വേഷണത്തിൽ എനിക്കറിവാൻ ഇടയായി. ശനിയാഴ്ച സൂര്യാസ്തമനത്തോടുകൂടി ഞങ്ങൾ അറഫായിൽനിന്നു 'മുസ്ദലിഫ്' എന്ന പുണ്യഭൂമിയിലേയ്ക്കു പ്രയാണംചെയ്തു. അവിടെനിന്നു് അദ്ധരാത്രിക്കു് ഏഴു ചെ

റുകല്ലുകൾ പെറുക്കി എടുത്ത് മൂന്നാംതിയ്യതി പുലച്ചെ അവിടെനിന്ന് ഇസ്ലായിൽനബിയുടെ വാസസ്ഥലമായിരുന്ന “മീനാ” എന്ന രാജ്യത്തേയ്ക്ക യാത്രതിരിക്കുകയുംചെയ്തു. ‘മീന’യിൽ എത്തി, ഈ കല്ലുകൾ അന്നവിടെ എറിയേണ്ടുന്നാടിക്കിൽ എറിഞ്ഞതിനുശേഷം ഞങ്ങളുടെ താമസത്തിനു പട്ടണത്തിന്നുപുറമെ ഏപ്പാടുചെയ്തിരുന്ന തമ്പിൽപോയി താമസമുറപ്പിച്ചു. മീനയിൽ എനിക്ക രണ്ട് ആടുകളെ മേടിച്ച് ധർമ്മംചെയ്യേണ്ടതുണ്ടായിരുന്നതുകൊണ്ട ഞാൻ അതിലേക്കായി പട്ടണംവരെ പോകേണ്ടിവന്നു. വെയിലിന്റെ കാഠിന്യംനിമിത്തം ആ യാത്ര എന്നിൽ അതിയായ ക്ഷീണവും ആലസ്യവും ഉണ്ടാക്കി. ഞാൻ മടങ്ങി തമ്പിൽ എത്തിയതോടുകൂടി എനിക്ക പനി വരികയുംചെയ്തു. അന്നു രാത്രി അവിടെ താമസിക്കേണമെന്നു നിർബ്ബന്ധമാണ്. അതുകൊണ്ട മക്കയിലേയ്ക്കുപോയി ബാക്കികർമ്മങ്ങൾ കഴിച്ചു വൈകുന്നേരം തിരിച്ചുവരികയോ, അല്ലെങ്കിൽ അന്നവിടെ താമസിച്ചു പിറേറദിവസം മക്കയിലേയ്ക്കുപോയി ശേഷം കർമ്മങ്ങൾ നിർവ്വഹിക്കുകയോ ചെയ്യാം. എന്റെ കൂട്ടുകാരെല്ലാം അന്നു മക്കയിൽപോയി മടങ്ങിവരാമെന്നു തീരുമാനിച്ചു. അവർ അതിലേക്കായി ഒരു സ്പെഷൽബസ്സും പിടിച്ചു. ഞാനാവട്ടെ പനി നിമിത്തം ബസ്സിൽ യാത്രക്കുതരപ്പെടാതെ തമ്പിൽ കിടക്കുകയുമാണ്. തമ്പിൽ ഞാൻ ഏകൻ മാത്രമെ ബാക്കിയുണ്ടായിരുന്നുള്ളു. അതുകൊണ്ട മുതവഫ് ഒരു വേലക്കാരനെ എന്റെ അടുക്കൽ നിർത്തിയിരുന്നു. എന്റെ കൂട്ടുകാരെല്ലാം ബസ്സിൽ

കയറുവാൻ പോയിരുന്നാഘട്ടത്തിൽ മൂന്നു ഈജിപ്ത്യൻസ്നേഹിതന്മാർ മക്കയിലേയ്ക്കു പോകുവാൻ ഒരുങ്ങി കാറുമായി വരികയും, എനിക്കു പനിയാണെന്നു പറഞ്ഞിട്ടും സമ്മതിക്കാതെ എന്നെയും മക്കയിലേയ്ക്കു നിർബ്ബന്ധിച്ചു കൊണ്ടുപോകുകയും ചെയ്തു. എന്നെ തമ്പിൽ വിട്ടേച്ചുപോയ എൻെറ സ്നേഹിതന്മാർക്കെല്ലാം മുമ്പിൽ ഞാൻ മക്കയിൽ എത്തിയതും, ഹജ്ജകർമ്മങ്ങൾ പൂർത്തിയാക്കിയതും വൈകുന്നേരം മിനയിൽ തിരിച്ചെത്തിയപ്പോൾ എൻെറ മിത്രങ്ങൾക്ക് ഒരു സംസാരവിഷയമായിരുന്നു. തുടർച്ചയായി രണ്ടുദിവസവും കൂടി അവിടെ താമസിച്ച്, ദിവസംപ്രതി മൂന്നുസ്ഥാനങ്ങളിൽ എറിയേണ്ടിയിരുന്ന ഇരുപത്തൊന്നുവീതം കല്ലുകൾ എറിഞ്ഞു്, 5-ാംതിയ്യതി വിശുദ്ധമക്കയിൽ മടങ്ങിഎത്തി താമസമുറപ്പിക്കുകയുംചെയ്തു.

—: 0 :—

# 3. മക്കയിൽ നാല്പത്തിരണ്ടു ദിവസം.

ഞങ്ങൾ മക്കയിൽ എത്തി രണ്ടുദിവസം കഴിഞ്ഞ പ്പോൾതന്നെ ഞങ്ങൾക്ക് ഒരു സ്വീകരണം ഏൎപ്പാടുചെയ്തു കൊണ്ടു് അവിടത്തെ മലയാളികളുടെ വകയായുള്ള "നസ്രത്തുൽ മസാക്കീൻ" എന്ന സഭയുടെ സിക്രട്ടറി മി. മുഹമ്മദ് കയ്യാത്തിൽനിന്നും ഒരു ക്ഷണനകത്തു കിട്ടുകയു ണ്ടായി. അടുത്തുതന്നെ "മദ്രസ്സത്തുൽ മലബാറിയ" എന്ന സ്ഥാപനത്തിന്റെ വകയായും അതിന്റെ സിക്രട്ടറി മി. കോ യോട്ടി ഹാജിയിൽനിന്നു ഒരു ചായസല്ക്കാരത്തിന്നുള്ള ക്ഷ ണനവും വന്നുചേൎന്നു. ഇതിൽ ആദ്യത്തേതിന്ന് അന്നേ ദി വസം വേറെ ചില തിരക്കുകൾമൂലം എനിക്കു പങ്കെടുപ്പാൻ തരപ്പെട്ടില്ല. രണ്ടാമത്തേതിൽ ഞാൻ കാലേക്കൂട്ടി തന്നെ സന്നിഹിതനായിരുന്നു. ഈ രണ്ടു സംഘടനകളേയും സം യോജിപ്പിക്കാൻ ഇരു യോഗങ്ങളിലും അദ്ധ്യക്ഷം വഹിച്ചി രുന്ന പാണക്കാട്ട് മി. വി. ഡി. കെ. പൂക്കോയതങ്ങളുടേ യും "ഭാരതചന്ദ്രിക" പത്രാധിപർ മി. മുഹമ്മതുഅസ്സമി ന്റെയും നേതൃത്വത്തിൽ ഒരു പരിശ്രമം നടത്തിയിരുന്നു വെന്നും അതു് "നസ്രത്തുൽ മസാക്കീൻ" ഭാരവാഹികളുടെ നിസ്സഹകരണംമൂലം പരാജയപ്പെടുകയാണുണ്ടായതു് എ ന്നും അന്നെനിക്കറിവാൻ ഇടയായി.

മുൻ പ്രസ്താവിച്ചപ്രകാരം മക്കയിൽവെച്ചു ഹജ്ജുക ൎമ്മം പൂൎത്തിയാക്കിയെങ്കിലും ആദ്യം എത്തിയവരെ ആദ്യം മദീനയിലേയ്ക്കു കയററി അയക്കണമെന്നു് സൗദി ഗവർ മ്മേണ്ടു് കൎശനമായ ചട്ടം ഏൎപ്പെടുത്തിയിരുന്നതിനാൽ മക്ക-

യിൽ കുറേയധികം താമസം പിടിക്കുമെന്നുകണ്ടു. മദീന യിലേയ്ക്കുള്ള പ്രയാണത്തെ സംബന്ധിച്ച് അനിശ്ചിതാവ സ്ഥകാരണം അതിന്നുള്ള സമയം വരുമ്പോൾ അനാരോഗ്യം കാരണമായി അസൌകര്യം നേരിട്ടുമൊ എന്നും ഇനി അതു് സുസാദ്ധ്യമാണെങ്കിൽ തന്നെ സുഖകരമായിരിക്കുമൊ എന്നും പലക്കും ആശങ്കയുണ്ടായിരുന്നുവെങ്കിലും ഞാൻ ഈ അവസരം അറേബ്യയുടെ ചരിത്രപഠനത്തിന്നും അടു ത്തുള്ള കൂടുതൽ സ്ഥലങ്ങൾ പോയിക്കാണാനും വിശുദ്ധ മക്കയെയും മക്കാനിവാസികളെയും കൂടുതൽ പരിചയപ്പെ ടുവാനും ഉപയോഗിക്കുവാൻ ഉറച്ചു. "ജബൽഖുബൈസ്" എന്ന ചരിത്രപ്രസിദ്ധമായ മലയെ രണ്ടുതവണ ഞാൻ ഉ ല്ലംഘിക്കുകയുണ്ടായി. ഈ മലശിഖരിമേൽ നിന്നു് മക്കാ പട്ടണം നോക്കിക്കാണുന്നതു് വളരെ കൌതുകകരമാണു്. ഈ മലച്ചുവട്ടിൽ വെച്ചു നടന്ന അത്ഭുത സംഭവങ്ങൾ ഓ രോന്നായി എൻെറ ഹൃദയത്തിൽ ഉദിച്ചുപൊങ്ങുകയുണ്ടാ യി. പ്രവാചക ശിരോമണിയുടെ ജന്മഭൂമിയിൽ പ്രവേശി പ്പാനും നബിതിരുമേനി ജനിച്ചുവളൎന്ന വിവിധ സ്ഥലങ്ങ ളെ സ്വന്തം കണ്ണുകൊണ്ടുകാണ്മാനും കടാക്ഷിച്ച കരുണാ വാരിധിയെ ഞാൻ ഉള്ളഴിഞ്ഞുസ്തുതിച്ചു. ജബൽഖുബൈ സിൻെറ മുകളിൽ നിന്നുകാണുവാൻ ഇടയായതും വളരെ അകലെ ഈ പൎവ്വതത്തെക്കാൾ വളരെ അധികം ഉയര ത്തിൽ സ്ഥിതിചെയ്യുന്നതും അന്വേഷണത്തിൽ "ജബൽ നൂർ" എന്ന ചരിത്രപ്രാധാന്യമുള്ള മലയാണെന്നറിഞ്ഞതു മായ മലശിഖരിയിന്മേലും പിറെറ ദിവസം ഞാനും ചില

സുഹൃത്തുക്കളും ഏറുകയുണ്ടായി. നഗരത്തിൽ നിന്നു വളരെ അകലെ സ്ഥിതിചെയ്യുന്നതായതുകൊണ്ട് ഈ മലയുടെ താഴ്വാരം വരെ ഞങ്ങൾ കാറിലാണ് സഞ്ചരിച്ചതു്. ഞങ്ങൾ ആറുപേരുണ്ടായിരുന്നുവെങ്കിലും പ്രായാധിക്യം നിമിത്തം രണ്ടുപേൎക്ക് ഈ മലമുകളിലേക്കു ഞങ്ങളൊന്നിച്ചു കയറുവാൻ സാധിച്ചിരുന്നില്ല. ആ മലയുടെ മദ്ധ്യഭാഗത്ത് എത്തിയപ്പോഴാണ് ഞങ്ങൾ വെള്ളപ്പാത്രമെടുക്കാതെയാണ് യാത്രതിരിച്ചിട്ടുള്ളതെന്ന കാൎയ്യം ഓൎമ്മവന്നതു്. ആ ഗിരിയിൽ ജലത്തിൻെറ കണികപോലുമില്ല. ഈ സ്ഥിതിയിൽ ആ പൎവ്വതശിഖരിയിൽ നിന്നു എനിക്കോ കൂട്ടുകാൎക്കോ ദാഹം പിടിപെട്ടാൽ അവിടെനിന്നു പിടച്ചു മരിക്കുക എന്നല്ലാതെ യാതൊരു ഗതിയും ഇല്ലായിരുന്നു. എല്ലാം സ്രഷ്ടാവിൽ അൎപ്പിച്ചു ഞങ്ങൾ യാത്ര തുടൎന്നു. എത്രയും ആപൽശങ്കയോടുകൂടി നിൎവ്വഹിച്ച ആ ജബൽനൂറാരോഹണം മറക്കുവാൻ വയ്യാത്ത ഒരു സംഭവമാണ്. നബിതിരുമേനി മക്കാവിജയസമരകാലത്തെ ദിവസങ്ങൾ കഴിച്ചിരുന്നതു് ഈ പൎവ്വതത്തിൻെറ ഉപരിഭാഗത്തു് മക്കാപട്ടണത്തിന്നഭിമുഖമായി സ്ഥിതിചെയ്യുന്ന ഒരു പൊത്തിലായിരുന്നു. മക്കാപട്ടണത്തെ അതിവിദൂരത്തിൽ നിന്നു കണ്ടുകൊണ്ടിരിക്കാൻ തിരുമേനിക്കു ഇതുകൊണ്ടു സാധിച്ചിരുന്നു. ജബൽനൂർ തുടങ്ങിയുള്ള ഏകാന്ത രമണീയങ്ങളായ പവിത്രദേശങ്ങളുടെ അലൌകികമായ ആനന്ദത്തെ ആസ്വദിക്കുന്നതു് എത്രയോ രുചിപ്രദമായിരുന്നുവെന്നു മാത്രമല്ല അതെനിക്കു ആനന്ദനിഷ്യന്ദിയായി ഭവിക്കുകയുമുണ്ടായി.

മക്കയുടെ സമീപം സ്ഥിതിചെയ്യുന്ന "ജുഗ്റാനത്ത്" എന്ന ഗ്രാമത്തെപ്പററി ഞാൻ ചരിത്രത്തിൽ വായിച്ചിരുന്നു. ഇവിടെ നബിതിരുമേനിയുടെ കാലത്തു പണിത ഒരു പള്ളിയും സമനിലത്തിൽ നിന്നു മേൽഭാഗത്തു ചുററും ആറംമറയാൽ കെട്ടിനിത്തപ്പെട്ടതും കുടിക്കകയും കുളിക്കകയും ചെയ്താൽ പലതരം രോഗങ്ങൾക്കും ശമനംകിട്ടുന്ന ജലം നിറഞ്ഞതുമായ ഒരു കിണർ ഉണ്ടെന്നും ഞാൻ അറിഞ്ഞിരുന്നു. "മക്കാവിജയ"കാലത്തും അതിന്നുമുമ്പും ഇസ്ലാമിൻെറ ബദ്ധവൈരിയും മുസൽമാന്മാരെ നാനാപ്രകാരേണയും ദ്രോഹിച്ചുകൊണ്ടിരുന്ന ആളും മക്കാവിജയാനന്തരം രാജ്യദ്രോഹകുററത്തിന്നു വിചാരണ ചെയ്തു മരണശിക്ഷക്കു വിധിക്കപ്പെട്ട പതിനഞ്ചുപേരിൽ ഉൾപ്പെട്ടവനും വിചാരണക്കുമുമ്പുമുതൽക്കെ ഒളിവിലായിരുന്നവനുമായിരുന്ന ഹബാറുബ്ബനുൽ അസ്വദ എന്നാൾ നബിയുടെ മുമ്പാകെ നിരുപാതികമായി കീഴടങ്ങിയതും നബി മരണശിക്ഷയിൽ നിന്നു മേപ്പടിയാനെ ഒഴിവാക്കിയതും ഈ സ്ഥലത്തുവെച്ചായിരുന്നു. ഇതിന്നു പുറമെ "ഹുനൈൻ യുദ്ധാനന്തരം മുസ്ലീം സൈന്യം ശത്രുക്കളിൽ നിന്നു കണ്ടുകെട്ടിയ മുതൽ ജാതിമതഭേദമെന്യെ നബി ആവശ്യക്കാൎക്ക് വീതിച്ചുകൊടുത്തതും മക്കാവിജയാനന്തരം വീണ്ടും മദീനയിലേക്കു പോകാനുള്ള പരിപാടിനിശ്ചയിച്ചതും ഈ ഗ്രാമത്തിൽ വെച്ചായിരുന്നു. യാതൊരു ഗതാഗതസൌകൎയ്യവുമില്ലാതെ മണലാരണ്യത്തിൻെറയും മലപ്രദേശങ്ങളുടേയും മദ്ധ്യത്തിൽ മക്കാനഗരിയിൽനിന്നും ഒട്ടധികം ദൂരെ സ്ഥിതിചെയ്യുന്ന

ഈ ഗ്രാമം ഞാൻ ചില സ്നേഹിതന്മാരൊട്ടുകൂടി സന്ദർശിക്ക കയും സ്നാനപ്രാത്ഥനാദികഠം കഴിച്ചു തിരിച്ചുപോരികയും ചെയ്തു. സുൽത്താൻ ഇബനുസുഊദിന്നു സ്നാനപാനാദികഠംക്കുള്ള പാനീയം ഈ കിണററിൽനിന്നാണു് കൊണ്ടുവരുന്നതെന്നറിഞ്ഞപ്പോഠം എത്രയോ പ്രായാധിക്യമുള്ള ആ രാജപ്രമുഖൻെറ ആരോഗ്യത്തിന്നുള്ള കാരണം ആരായേണ്ടിവന്നില്ല.

ജോകജാകാർട്ടയിൽവെച്ചു ഡച്ചുകാരും ഇന്തോനേഷ്യക്കാരും തമ്മിൽ ഒരു സന്ധിയുണ്ടായിട്ടുണ്ടെന്നും അതു പ്രകാരം ഇന്തോനേഷ്യക്കാൎക്കു് സ്വാതന്ത്ര്യം സിദ്ധിച്ചിരിക്കുന്നുവെന്നും ഞാൻ പത്രങ്ങളിൽ വായിച്ചിരുന്നു. അടുത്ത ദിവസംതന്നെ അറേബ്യയിലെ "ഇന്തോനേഷ്യൻ അസോസ്യേഷൻ" ഭാരവാഹികഠം ഞാൻ താമസിച്ചിരുന്ന വസതിയിലേയ്ക്കുവരികയും അവർ വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചിട്ടുള്ള സ്വാതന്ത്ര്യദിനത്തിൽ ഒരു പ്രസംഗം ചെയ്വാൻ എന്നെ ക്ഷണിക്കുകയുമുണ്ടായി. ഞാൻ അവരുടെ ക്ഷണനം നന്ദിപൂൎവ്വം സ്വീകരിച്ചു. യോഗദിവസം അവർ യോഗം വിളിച്ചിരുന്ന ഹാളിൽ എത്തിയപ്പോഠംകണ്ട കാഴ്ച ഏതൊരു സ്വാതന്ത്ര്യ പ്രേമിയേയും അതിരററ ആനന്ദത്തിൽ ആറാടിക്കത്തക്കതായിരുന്നു. പ്രസ്തുത സമ്മേളനത്തിലേയ്ക്കു അദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ട മി: അബ്ദുൽ ജലീൽ എന്ന പാശ്ചാത്യമുസ്ലീം മാന്യനും മറെറാരു പ്രാസംഗികനായിരുന്ന മി. അഹമദ് ഓഡയാരും അവിടെ എത്തീട്ടുണ്ടായിരുന്നു. വമ്പിച്ച സ്വീകരണകോലാഹല

ങ്ങൾക്കുശേഷമാണ് യോഗനടപടികൾ ആരംഭിച്ചതു്. അദ്ധ്യക്ഷൻെറ സാരസമ്പൂൎണ്ണവും സംക്ഷിപ്തവുമായ ആ മുഖഭാഷണത്തിനുശേഷം എന്നെ പ്രസംഗമഞ്ചത്തിലേയ്ക്കു ക്ഷണിക്കപ്പെട്ടു. ഇന്ത്യയ്ക്കുപുറത്തുവെച്ചു് ഇത്ര വമ്പിച്ച ഒരു സദസ്സിനെ അഭിമുഖീകരിച്ചു സംസാരിക്കുവാനുള്ള ഒരു സന്ദൎഭം ലഭിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനായി. എങ്കിലും ഇന്തോനേഷ്യയെ സംബന്ധിച്ചുള്ള എൻെറ അറിവ് ഏററവും പരിമിതമായിരുന്നതിനാൽ എൻെറ പ്രസംഗം ഏതുവഴിക്കാണ് തിരിക്കേണ്ടതു് എന്നറിയാതെ ഞാൻ കുറച്ചു പരുങ്ങി. ഞാൻ പ്രസംഗവേദിയിൽ നിലയുറപ്പിച്ചപ്പോഴുണ്ടായ കരഘോഷം നിലച്ചു സഭയിൽ സമാധാനം സംസ്ഥാപിതമാവാൻ കുറച്ചു സമയം വേണ്ടിവന്നതു് എനിക്കു തീൎച്ചയായും ഒരനുഗ്രഹമായിരുന്നു. ഡോ: സൊയക്കാർണൊ, ഡോ. ഷരീർ, മുഹമ്മതുഹട്ട, ഡോ. സിറാജുദീൻ എന്നിവരെ മാത്രമെ എനിക്കോൎമ്മയുണ്ടായിരുന്നുള്ളൂ. അവരുടെ ക്ഷണനത്തിന്നും സ്വീകരണത്തിന്നും നന്ദിപറഞ്ഞുകൊണ്ടു് ഞാൻ സംസാരിക്കുവാൻ തുടങ്ങി. ഇന്ത്യൻസമരചരിത്രത്തിൻെറ ഏടുകൾ ഞാൻ അവൎക്കു തുറന്നുകാട്ടി. അവരുടെ സമരചരിത്രം ഞാൻ നിമിഷകവിയെപോലെ നിൎമ്മിച്ചു. ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിൽ ഇന്ത്യയുടെ സന്തോഷം ഞാൻ അനുരേഖപ്പെടുത്തി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്നു ഇന്തോനേഷ്യക്കാരുടെ ധാൎമ്മികസഹായം ഞാൻ അന്നു് അഭ്യൎത്ഥിച്ചു. ഇന്ത്യയും അടുത്തുതന്നെ സ്വാതന്ത്ര്യം പ്രാപിച്ചു കാണുവാൻ ഞാൻ

അന്നു ആശ പ്രകടിപ്പിച്ചു. ഇംഗ്ലീഷിലുള്ള എന്റെ പ്രസംഗം ഒരു ഇന്തോനേഷ്യൻ നേതാവു് അവക്ക് വിവർത്തനം ചെയ്തുകൊടുത്തിരുന്നു. ഇടക്കിടെ ഉണ്ടായ കരഘോഷം എനിക്കു് ഉശിരും ഉന്മേഷവും ഉണ്ടാക്കി. മക്കാപട്ടണത്തിലെ-വിശിഷ്യ യോഗം ചേന്ന ഹാളിലെ അത്യുഷ്ണം അസഹനീയമായിരുന്നുവെങ്കിലും ഉന്മേഷഭരിതരായ ആ ജനസഞ്ചയത്തെ പൂർണ്ണമായി തൃപ്തിപ്പെടുത്താതെ പ്രസംഗം അവസാനിപ്പിക്കുക അസാദ്ധ്യമായിരുന്നു. അത്ര സാരസമ്പൂർണ്ണവും, അവസരോചിതവും ചൈതന്യാത്മകവും, രചനാത്മകവുമായ ഒരു പ്രസംഗം ഞാൻ അതിന്നു മുമ്പൊ പിമ്പൊ ചെയ്തിട്ടില്ലെന്നാണു് എന്റെ വിശ്വാസം. എന്റെ പ്രസംഗാനന്തരം അപ്പോഴേക്കു് 'കഅബ'യിൽ പ്രാത്ഥനക്കു് സമയംസമാഗതമായതുകൊണ്ടു് ആ ജനക്കൂട്ടം അങ്ങോട്ടു നീങ്ങി. പ്രാത്ഥനക്കശേഷം വീണ്ടും യോഗം ചേന്നപ്പോൾ മി: അഹമദ്‌ ഓഡയാർ ഒരു ലോകമുസ്ലിം സംഘടനയുടെ ആവശ്യകതയെ സവിസ്തരം പ്രതിപാദിച്ചുകൊണ്ടു് ഒരു പ്രസംഗംചെയ്തു. ഇന്തോനേഷ്യൻ സുഹൃത്തുക്കളുടെ മദ്ധ്യേ കഴിച്ച ആ സുദിനം എനിക്കുണ്ടായ ചുരുക്കം സന്തോഷദിനങ്ങളിൽ ഒന്നാണു്. ഇന്തോനേഷ്യയെ സംബന്ധിച്ചു് ഇംഗ്ലീഷിലുള്ള ചില പുസ്തകങ്ങൾ എന്റെ നവീനസുഹൃത്തുക്കൾ അന്നെനിക്കു സമ്മാനിക്കുകയുണ്ടായി. ഇതു് ഇന്നും എന്റെ ഗ്രന്ഥാലയത്തിലെ അമൂല്യനിധികളായി ഞാൻ കരുതിവരുന്നു. അദ്ധ്യക്ഷൻ യോഗം വിട്ടപ്പോൾ പിറേറ ദിവസം വൈകുന്നേരം അദ്ദേഹം താമസിച്ചിരുന്നതും മക്കയിലെ ഏ

ററവും പരിഷ്കൃതവും ഈജിപ്ത്യൻ മാനേജ്മെണ്ടോടുകൂടിയതുമായ "മിസ്രിഹോത്തൻ" എന്ന ഹോട്ടലിൽ പോയി അദ്ദേഹത്തെ കണ്ടുകൊള്ളാമെന്ന് ഞാൻ ഏററിരുന്നു. പിറേറ ദിവസം ഞാനും വേറെ ഒരു സുഹൃത്തുംകൂടി അവിടെ എത്തിയപ്പോൾ സുഖമില്ലാതെ കിടക്കുകയായിരുന്ന മാഡം അബ്ദുൽജലീലും മിസ്റ്റർ അബ്ദുൽ ജലീലും ഞങ്ങളെ സ്വീകരിച്ച് അവരുടെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇസ്ലാമികസാഹോദര്യം, ലോകമുസ്ലിം സമ്പർക്കം, ലോകസമാധാനത്തിന്നുള്ള വഴികൾ, വൻരാഷ്ട്രങ്ങളുടെ കഴിവുകൾ എന്നീ പല വിഷയങ്ങളെ സംബന്ധിച്ചും അന്ന് ഞങ്ങൾ ദീർഘനേരം സംസാരിക്കുകയുണ്ടായി. ആ മഹാനേതാവിൻെറ മധുഭാഷണം ആരേയും ആകർഷിക്കുവാൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തിൻെറ അളവററ ഔദാര്യങ്ങൾക്കു നന്ദിപറഞ്ഞു ഞങ്ങൾ പിരിഞ്ഞുപോരുമ്പോൾ ഞങ്ങളുടെ സന്ദർശനത്തിന്ന് അളവററ നന്ദിപൂരം വർഷിച്ചുകൊണ്ട് ഹോട്ടൽ ഗൈററ്വരെ അദ്ദേഹം ഞങ്ങളെ അനുഗമിക്കുകയുണ്ടായി. ഇദ്ദേഹവും മാഡം ജലീലും ഒരു ലോകപര്യടനം ചെയ്വാൻ തീരുമാനിച്ചിരുന്നു. അവർ ഇന്ത്യ സന്ദർശിക്കുന്ന അവസരത്തിൽ കാണുവാൻ ഞാൻ പ്രത്യേകം ഉത്സുകനായിരിക്കുമെന്നു ഞാൻ അവരെ അറിയിച്ചു.

ഇപ്പോൾ അറേബ്യയുടെ ഭരണകർത്താവ് സുൽത്താൻ ഇബ്നുസുഊദ് ആണെന്നും, സുഊദിനാൽ ഭരിക്കപ്പെടുന്നതുകൊണ്ട് അറേബ്യയെ ഇപ്പോൾ സുഊദി അറേബ്യ എന്നാണ് വിളിച്ചുവരുന്നതെന്നും പരക്കെ അറിവുള്ളതാണ

ല്ലൊ. ഒന്നാംലോകമഹായുദ്ധാനന്തരം തുർക്കി അഥവാ ഓട്ടൂമാൻ സാമ്രാജ്യം പല തുണ്ടങ്ങളായി വെട്ടിമുറിക്കപ്പെട്ടുപോകയും, അവിടവിടെ പലരും ഭരണത്തലവന്മാരായിത്തീരുകയുമുണ്ടായല്ലൊ. തുർക്കിസാമ്രാജ്യത്തിൽപ്പെട്ട അറേബ്യ തുർക്കിയുടെ അധഃപതനത്തോടുകൂടി അരാജകത്വത്തിലും അക്രമത്തിലും മുന്നിട്ടുനില്ക്കുകയും, തീരെ സഞ്ചാരസ്വാതന്ത്ര്യം നശിച്ച തീർത്ഥയാത്രക്കാർ കൊള്ളയ്ക്കും കൊലയ്ക്കും പാത്രവാന്മാരാകുകയും, അറേബ്യ മുഴവൻ അരക്ഷിതാവസ്ഥ വ്യാപിക്കുകയുംചെയ്ത ആ ദുർഘടഘട്ടത്തിൽ "റിയാസം"ലെ ഭരണാധിപനും, ഒരു അറബിപ്രമുഖനും നീതിപതിയും, മതഭക്തനുമായ ഇബ്നുസുഊദ് രാജാവ് ഹിജാസിൻെറ ഭരണമേററെടുക്കുകയും, ഉടനടി സർവ്വ അരാജകത്വവും നശിപ്പിച്ചു തീർത്ഥയാത്രക്കാർക്കു സർവ്വവിധ സഞ്ചാരസ്വാതന്ത്ര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും, കവർച്ച, കൊല ഇവ പാടെ നിർത്തൽ ചെയ്യുകയും, ജനങ്ങളിൽനിന്നു ഭീതിയെ നിർമ്മാർജ്ജനംചെയ്തു് അവരിൽ രക്ഷാബോധമുളവാക്കുകയും ചെയ്യുകമൂലം ഇപ്പോഠം തീർത്ഥയാത്രക്കാർക്ക് എവിടേയും, എപ്പോഴും, എങ്ങിനേയും, ഏകനായോ കൂട്ടമായോ എത്ര പണത്തോടുകൂടിയും, എന്തു സാധനങ്ങളോടുകൂടിയും യാതൊരു ഭയാശങ്കകളുംകൂടാതെ സഞ്ചരിക്കാമെന്നു വന്നിരിക്കുന്നു. അറേബ്യയിലെ ഇന്നത്തെ നിയമപാലനം മററുരാജ്യങ്ങഠംക്കെല്ലാം ഒരു മാതൃകയാണ്. മരുഭൂമിയിൽ ഡെസർട്ട്സ്കൂളുകഠം സ്ഥാപിച്ചു് ബദുക്കളെക്കൂടി വിദ്യാസമ്പന്നരാക്കിത്തീർത്തിരിക്കുന്നു. അവരെ പല തൊ

ഴിലുകളിലും ഏർപ്പെട്ടുത്തിയിരിക്കുന്നു. അവിട്ടത്തെ ഹെൽത്തുഡിപ്പാർട്ടുമെണ്ടിനെ ജനങ്ങൾ ഇവിട്ടത്തെ പോലീസ്സ് ഡിപ്പാർട്ടുമെണ്ടിനേക്കാൾ പേടിക്കുന്നു. വിശുദ്ധ മക്കയിലെ "മാവൽഖഹ്ഹമത്ത്" എന്ന നീതിന്യായക്കോടതിയിൽ ഞാൻ പോയിരുന്നു. ഏററവും നിസ്സാരമായ ഒരു ക്രിമിനൽ കുററവും കൂടി കഠിനമായ ശിക്ഷക്കു പാത്രമാവുന്നു. അവിടത്തെ ശിക്ഷാനടവടികൾ അപരിഷ്കൃതമായി ചിലക്കു തോന്നിയേക്കാമെങ്കിലും നിയമത്തെ പേടിക്കാനും കുററത്തെ തടുക്കാനും ഇത്രയും ഫലപ്രദമായ ഒരു ശിക്ഷാനടവടി വേറെ ഇല്ലെന്നു തീർച്ചയാണ്. ചില കുററവാളികളെ അടിശിക്ഷക്കു വിധിക്കുകയും അവർ അടിശിക്ഷ അനുഭവിക്കുകയും ചെയ്യുന്നതു ഞാൻ അന്നു കണ്ടു. മേലിൽ ഒരിക്കലും അവർ കുററം ചെയ്യാൻ പ്രേരിതരാവുകയില്ലെന്നു മാത്രമല്ല ശിക്ഷനല്കുന്നതു വമ്പിച്ച ഒരു ജനതാമദ്ധ്യത്തിൽ വെച്ചായതുകൊണ്ടു അതു കാണുന്ന ആരുംതന്നെ ഒരു കുററവും ചെയ്യാൻ മുതിരുകയില്ലെന്നും ദൃഢമായി വിശ്വസിക്കാം. എന്തുതന്നെ പ്രകോപനങ്ങളുണ്ടായാലും ഒരാളും ഇപ്പോൾ നിയമം സ്വന്തം കയ്യിലെടുത്തു ഒന്നുംപ്രവൎത്തിക്കുകയില്ലെന്നും എല്ലാം 'ഹാക്കിം' അഥവാ ന്യായാധിപന്നു് വിട്ടുകൊടുക്കുകയാണെന്നുമാണ് അവിട്ടത്തെ നിവാസികൾ എന്നോടു പറഞ്ഞതു്. രാജ്യദ്രോഹകുററത്തിന്നും നിയമലംഘനത്തിന്നും കൊടുത്തുവരുന്ന ശിക്ഷ അതിഭയങ്കരമാണ്. 1945 ഒടുവിൽ മക്കയിലെ ഗവർമ്മെണ്ടു് പ്രസ്സിൽനിന്നു അടിച്ചു പ്രസിദ്ധം ചെ

യ്യൂവരുന്ന "ഉമ്മുൽഖുറാ" എന്ന ഗവർമ്മെണ്ടു പത്രമാപ്പീസ്സിലെ ജോലിക്കാർ ശമ്പളം പോരാ എന്നുള്ള കാരണം പറഞ്ഞു പ്രവൃത്തി മുടക്കിയിരുന്നു. വേറെ ചില ഗവമ്മെണ്ട് ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരും പണിമുടക്കിന്നൊരുങ്ങുകയായിരുന്നു. പ്രവൃത്തി മുടക്കിയവരെല്ലാം ഒളിവിലായിരുന്നതിനാൽ ഗവമ്മെണ്ടിന്നു യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല. എങ്കിലും പോലീസ്സന്വേഷണത്തിൽ ഒന്നുരണ്ടു പേരെ പിടികിട്ടി. ഇവരെ സ്റ്റേഷനിൽ കൊണ്ടുപോയി പ്രവൃത്തി മുടക്കിയതിന്നുള്ള കാരണവും മററും അന്വേഷിച്ചു വിട്ടയക്കുകയും ചെയ്തു. ഈ വിവരം രഹസ്യമായി ഒളിവിലുള്ള മററുള്ളവർ അറിഞ്ഞപ്പോൾ അവരും വെളിക്കുവന്നു സ്വച്ഛന്ദം സഞ്ചരിച്ചുതുടങ്ങി. കുറച്ചു ദിവസങ്ങൾക്കശേഷം മുൻകൂടി തയ്യാറാക്കിയ പരിപാടിയനുസരിച്ചു മുഴുവൻ പ്രവൃത്തിക്കാരെയും കൂട്ടത്തോടെ ഒന്നായി അറസ്ററുചെയ്തു റിമാണ്ടിൽ വെക്കുകയും ഇവരുടെ ഓരോരുത്തരുടേയും പുറത്ത് വടികൊണ്ട് നാല്പതുവീതം അടിശിക്ഷ നല്കി വിട്ടയക്കുകയുമുണ്ടായി. ഈ ശിക്ഷയിലുൾപ്പെട്ട ഒരു മാന്യൻ ഈ കഥ എന്നോടു പറയുമ്പോൾ ആ മാന്യൻ അനുഭവിച്ച ശിക്ഷയുടെ കാഠിന്യമോത്ത് അപ്പോഴുംകൂടി നടുങ്ങുന്നുണ്ടായിരുന്നു. അയാൾ ഒരാഴ്ചയോളം കമിഴ്ന്നു കിടന്നുറങ്ങേണ്ടി വന്ന ദാരുണകഥ ആരിലും സഹതാപമുണ്ടാക്കും. ഈ സംഭവത്തിന്നുശേഷം പ്രവൃത്തി മുടക്കുക എന്ന "വ്യാധി" അവരേയൊ മറേറതെങ്കിലും ഡിപ്പാർട്ടുമെണ്ടിലുള്ളവരെയൊ പിടിപ്പെട്ടിട്ടില്ലെന്നു ഞാൻ അറിഞ്ഞു.

സുൽത്താൻ ഇബ്നസ്സഊദുമായി ഒരു കൂടിക്കാഴ്ച ലഭിക്കേണ്ടതിലേയ്ക്കു് ഞാൻ "മുതവഫ" മുഖേന അപേക്ഷിച്ചിരുന്നു. അതിലിടയ്ക്കു് ഒരു വെള്ളിയാഴ്ച 'കഅബ'യിൽ വെച്ചു് അവിചാരിതമായി സുൽത്താനെ കാണ്മാൻ സാധിച്ചു. അദ്ദേഹം 'കഅബ'യിലേക്ക വരുന്നുണ്ടെന്നു് കാലെ കൂട്ടിതന്നെ ഞാൻ അറിഞ്ഞിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്നു പ്രാർത്ഥനനടത്താൻ സൌകര്യപ്പെടുത്തിയിരുന്നമുറിക്ക സമീപംതന്നെ പോലീസ്സ് ഇൻസ്പെക്ടർ ജനറാളുടെ സമ്മതത്തോടുകൂടി ഞാൻ സ്ഥലം പിടിച്ചിരുന്നു. പിന്നീടു് അരമനയിൽവെച്ചു തിരുമുൽക്കാഴ്ചക്കു് എനിക്കു് അനുമതി ലഭിച്ചിരുന്നുവെങ്കിലും മദീനയിലേയ്ക്കു പെട്ടെന്നു പുറപ്പെടേണ്ടിവന്നതിനാൽ ഈ പരിപാടി ഉപേക്ഷിക്കേണ്ടി വരികയാണുണ്ടായതു്.

'മീന'യിൽനിന്നു് എനിക്ക ബാധിച്ചിരുന്ന പനി വേഗം സുഖപ്പെട്ടിരുന്നുവെങ്കിലും മക്കയിൽ മടങ്ങി എത്തിയശേഷം പിന്നെയും പനിക്കുകയുണ്ടായി. ഞാൻ ദരാഗശയ്യയിൽനിന്നു് ഇന്ത്യാഗവമ്മേണ്ടുവക മക്കയിലുള്ള ആസ്പത്രിയിലേയ്ക്കു് ഡോക്ടർക്കു് ഒരെഴുത്തോടുകൂടി ആളെ അയച്ചു. അയാറം മരുന്നു കൊടുത്തയക്കുകയും പിറെറദിവസം അദ്ദേഹംതന്നെ വരുന്നതാണെന്നറിയിക്കുകയും ചെയ്തിരുന്നു. ആ മരുന്നു കഴിച്ചതിൽ പറയത്തക്ക സുഖമൊന്നും കിട്ടിയില്ല. പിറെറ ദിവസം സന്ധ്യാസമയം കഠിനമായ പനിയോടുകൂടിതന്നെ 'ഖഅബ'യിൽചെന്നു് അവിടെയുള്ള 'സംസം' എന്ന പുണ്യതീർത്ഥത്തിൽ കുളിക്കുകയും കു

ടിക്കുകയുംചെയ്തു. പനിക്കു സുഖംകിട്ടുകയും ചെയ്തു. ഈ യാത്രയുടെ അവസാനംവരെയും പിന്നീട് എനിക്ക് ഒരു രോഗവും ബാധിച്ചിരുന്നില്ല.

ഞങ്ങൾ മദീനയിലേയ്ക്കു പുറപ്പെടുന്നതിന്നു മുമ്പുതന്നെ ജിദ്ദയിൽ ഞങ്ങളുടെ മടക്കയാത്രയ്ക്ക് ഒരുക്കിനിൎത്തിയിരുന്ന സ്റ്റീമറുകളിൽ രണ്ടെണ്ണം അവിചാരിതമായുണ്ടായ കാററും മഴയും നിമിത്തം തമ്മിൽ അടിച്ച് രണ്ടിന്നും സാരമായ കേടുതട്ടിയിട്ടുണ്ടെന്നുള്ള വിവരം മക്കയിൽ ലഭിച്ചിരുന്നു. കൂടാതെ ആളുകളുടെ പോക്കുവരവ് "ബാച്ച്" സമ്പ്രദായപ്രകാരമായിരുന്നതുകൊണ്ടും ഞങ്ങളുടെ "ബാച്ച്" വളരെ ഇടവിട്ടായതുകൊണ്ടും ഞങ്ങളുടെ മടക്കയാത്രക്കു വളരെ കാലവിളംബം നേരിടുമെന്നു കണ്ടു. എൻെറ മടക്കയാത്ര അധികം നീണ്ടുപോകുന്നതിന്നു തരമില്ലായിരുന്നതിനാൽ ഞാൻ മക്കയിൽനിന്നു മദീനയിലേയ്ക്ക് പുറപ്പെടുന്നതിന്നു കുറച്ചുദിവസങ്ങൾക്കുമുമ്പ് ഇന്ത്യൻ വൈസ് കോൺസൽ മി: ഷാജിഹാന്ന്, എനിക്കു വേഗം മടങ്ങിവരേണ്ടതിലേയ്ക്ക് സൌകൎയ്യംചെയ്തുതരാൻ അപേക്ഷിച്ചുകൊണ്ട്, രജിസ്ത്രായി ഒരെഴുത്തയച്ചു. ഇതിന്നു മറുപടിയൊന്നും കിട്ടാത്തതിനാലും, മദീനയിലേയ്ക്കു വാഹനസൌകൎയ്യം ലഭിച്ചതിനാലും മദീനയിലേയ്ക്കു പുറപ്പെടുമ്പോൾ ഒരു കമ്പിയും അടിച്ചു. 30-ാംതിയ്യതി ശനിയാഴ്ച പുറപ്പെട്ടതുകൊണ്ട് ഇതിൻെറ മറുപടിക്ക് കാക്കുവാൻ സമയമുണ്ടായിരുന്നില്ല.

## 4. പരിശുദ്ധ മക്കയിൽനിന്ന് വിശുദ്ധ മദീനയിലേയ്ക്കു"

മക്കയിൽനിന്ന് ജിദ്ദയിലേയ്ക്കു നല്ല റോഡുണ്ടെങ്കിലും ഇരുഭാഗങ്ങളിലും ക്രമ്പാതമായി കിടക്കുന്ന മണൽമലകൾ എപ്പോഴും കാററടിച്ചു റോഡിൽ കുന്നായികൂട്ടികൊണ്ടിരിക്കുന്നതിനാൽ അതു് എപ്പോഴും നിക്കംചെയ്തുകൊണ്ടിരിക്കേണ്ടതിലേക്ക് റോഡിൻെറ ഇരുപാശ്വങ്ങളിലും വേലക്കാർ ജാഗ്രതയായിരിക്കുകയാണു് പതിവു്. ജിദ്ദയിൽനിന്നു് 250 നാഴിക ദൂരം വരുന്ന മദീനവരെയ്ക്കുള്ള വഴിയാവട്ടെ പ്രത്യേക റോഡൊന്നും ഇല്ലാതെ കല്ലിൻ കഷ്ണങ്ങളും മണൽത്തരികൂട്ടങ്ങളും നിറഞ്ഞു ദുർഘടം പിടിച്ച മരുഭൂമിയിൽക്കൂടിയുള്ളതാണു്. ഈ ദൂരത്തിന്നിടയ്ക്കു് മൂന്നു നാലു ദിക്കുകളിൽ കാണുന്ന ഈത്തപ്പനത്തോട്ടങ്ങൾ കഴിച്ചാൽ എല്ലാം മണലാരണ്യങ്ങളും പൊട്ടപ്പാറകളും മാത്രമാണു്.

വഴിമദ്ധ്യേ ജിദ്ദയിൽവെച്ചു് മി: ഷാജിഹാനെ കാണണമെന്നുണ്ടായിരുന്നുവെങ്കിലും ജിദ്ദയിൽ ഞങ്ങൾ അർദ്ധരാത്രി എത്തിയതിനാൽ അതിന്നു സൌകര്യപ്പെട്ടില്ല. നേരം പുലച്ച്യോടുകൂടി ജിദ്ദയിൽനിന്നു മദീനയിലേക്കുള്ള യാത്ര തുടരുകയുംചെയ്തു. അന്നു പകൽ മുഴുവൻ യാത്രചെയ്തശേഷം രാത്രി പത്തുമണിയോടുകൂടി 'റാവഗ്' എന്ന സ്ഥലത്തു എത്തിച്ചേരുകയും അന്നുരാത്രി അവിടെ കഴിച്ചു പിറേറദിവസം അതായതു് ഡിസെമ്പർ 2-ാംതിയ്യതി തിങ്കളാഴ്ച വൈകുന്നേരം മദീനാഗരീഫിൽ ചെന്നു ചേരുകയും ചെയ്തു.

മദീന കാലാവസ്ഥകൊണ്ടും ഫലപുഷ്ടികൊണ്ടും അതി രമണീയമായ ഒരു പവിത്രദേശമാണ്. റസൂൽ കരീമിൻെറ അവസാനകാലങ്ങൾ കഴിച്ചതും ഒടുവിൽ അന്തരിച്ചതും ഇവിടെയാണ്. സിറിയയുടെ സമീപപ്രദേശമായതുകൊണ്ട് മദീനയിലെ കാലാവസ്ഥ വളരെ സുഖകരമാണ്. കുറെ അകലെനിന്നുതന്നെ മദീനയിലെ മനോഹരവും ഹരിതവർണ്ണാഡംബരപൂരിതവുമായ പച്ച "കുബ്ബ" കാണാമായിരുന്നു. ഞങ്ങളെ കോഴിക്കോട്ട് മി. ബാഫഖിതങ്ങളുടെ ബന്ധുവായ മി. അബ്ദുല്ലാ ബാഫഖി തങ്ങൾ മദീനയിൽവെച്ചു സ്വീകരിച്ച് അദ്ദേഹത്തിൻെറ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ കുളിപ്പാനും, ഭക്ഷണത്തിന്നും മററുമുള്ള സൌകര്യങ്ങൾ അദ്ദേഹംതന്നെ ചെയ്തിരുന്നു. "ഇന്നു ഇതെല്ലാംകൊണ്ടു തൃപ്തിപ്പെടുക, നാളെ നമുക്ക് വേറെ താമസത്തിന്നു സൌകര്യമുണ്ടാക്കാം" എന്നദ്ദേഹം ശാന്തമായി ഞങ്ങളെ സാന്ത്വനപ്പെടുത്തി. പിറേറ ദിവസം രാവിലെ അദ്ദേഹം തന്നെ ഞങ്ങളുടെകൂടെ പ്രവാചകശ്രേഷ്ഠൻ മറപെട്ടുകിടക്കുന്ന "റൌള"യിലേയ്ക്കു പോരുകയും അവിടെ ശോകാകുലരായ ഞങ്ങളുടെ മദ്ധ്യത്തിൽനിന്ന് പ്രാർത്ഥനാദികൾ നടത്തിത്തരികയുമുണ്ടായി. മി. ബാഫഖി തങ്ങൾ അവിടത്തെ പ്രമുഖന്മാരിൽ ഒരാളും ഒരു ജ്ഞാനവൃദ്ധനും, വയോവൃദ്ധനും, സർവ്വരുടേയും സ്നേഹാദരങ്ങൾക്ക് പാത്രമായിട്ടുള്ള ഒരു മഹാനുമാണ്.

നവരത്നങ്ങളും മാർബിൾ ശിലകളും ചെമ്പും പിച്ചളയും കരിങ്കല്ലും, കോൺക്രീററ്, ചന്ദനവൃക്ഷങ്ങളും, വീട്ട

ത്തടികളും സമ്മിശ്രമായി സമ്മേളിച്ച ആ പൌരാണികം താജിൻെറ അണിയറക്കുള്ളിൽ; പട്ടുപരവതാനികളാലും പച്ചപ്പട്ടു വില്ലുകളാലും, ആവരണം ചെയ്യപ്പെട്ട ലോകൈകസുന്ദര സുഗന്ധവാസനവീശുന്ന കോമളശീതളവായു പുറപ്പെട്ടുവിച്ചുകൊണ്ടു അന്ത്യവിശ്രമം ചെയ്യുന്ന ആ അന്ത്യപ്രവാചകശിരോമണിയുടെ സന്നിധാനത്തിൽ; തിരുമേനിയുടെ പരിപാവനജീവിതകാലത്തു ഞാൻ എങ്ങിനെ സമീപിക്കുമായിരുന്നുവൊ അതേ ക്രമത്തിൽ ഞാൻ വണങ്ങിനിന്നു. തിരുമേനിയുടെ തൊട്ടുതന്നെ അന്ത്യവിശ്രമം ചെയ്യുന്ന അബൂബക്കർ സിദ്ധീഖ് (റ) ഉമർഖത്താബ് (റ) എന്നീ ഖലീഫമാർക്കും അന്ത്യാർപ്പണം ചെയ്തു തിരിച്ചുപോന്നു. ഡിസെമ്പ്ര് 12-ാംതിയ്യതിവരെ മദീനയിൽ താമസിക്കുകയും മദീനയും പരിസരങ്ങളും സന്ദർശിക്കുകയും പല അറബിപ്രമുഖന്മാരുമായി പരിചയപ്പെടുകയും അവിടെയുള്ള പ്രധാനവിദ്യാലയങ്ങളും മററു സ്ഥാപനങ്ങളും ചെന്നു കാണുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധംവരെ തുർക്കിയുടെ തലസ്ഥാനനഗരിയായിരുന്ന ഇസ്തംബൂലിൽ നിന്നു അല്ലെപ്പൊ, ഡമാസ്കസ് വഴിയായി മദീനാപട്ടണം വരെ തീവണ്ടിഗതാഗതമുണ്ടായിരുന്നു. പ്രസ്തുതയുദ്ധാനന്തരം അതു മുടങ്ങിക്കിടക്കുകയാണ്. മദീനയിലെ താമസത്തിന്നിടയിൽ ഒരു ദിവസം പഴയറെയിൽവേ സ്റ്റേഷൻ, വർക്ക്ഷാപ്പ്, പഴയ ട്രെയിനുകൾ, വാഗനുകൾ, റെയിൽപാത ഇവപോയികാണുകയുണ്ടായി. ഈ റെയിൽവെ പാത പുനരുദ്ധരിക്കുവാൻ

സൗഊദ ഗവർമ്മെണ്ടിന്നു ആലോചനയുണ്ടെന്നും വമ്പിച്ച പല സ്കീമുകളും നടപ്പിൽവരുത്തേണ്ടതിന്നു സൗഊദ ഗവർമ്മെണ്ട് ഒരു പഞ്ചവത്സരപദ്ധതി തെയ്യാറാക്കിട്ടുണ്ടെന്നും അവിടത്തെ ഉയൎന്ന ഉദ്യോഗവൃത്തങ്ങളുമായി നടത്തിയ സംഭാഷണത്തിൽനിന്നും എനിക്കു ഗ്രഹിക്കുവാൻ സാധിച്ചിരുന്നു.

മുഗൾലൈൻ കമ്പനിക്കാരുടെ മദീനയിലുള്ള പ്രതിനിധിയെക്കണ്ടു മടക്കയാത്രയെ സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തിയതിൽ ഫിബ്രുവരി ഒടുവിൽ മാത്രമെ ഞങ്ങൾക്ക് കപ്പൽ സൌകൎയ്യം ലഭിക്കുകയുള്ളുവെന്നു മനസ്സിലായി. എന്നാൽ മടക്കയാത്രക്ക് വിമാനംവഴി സൌകൎയ്യപ്പെടുമൊ എന്നന്വേഷിച്ചതിൽ കെയിറൊ വഴിക്കുള്ള മെയിൽ പ്ലെയിന്നു വളരെ താമസം നേരിടുമെന്നുംകണ്ടു.

"മിസിൽ ഈസ്റ്റ് എയർ ലൈൻസി"ൻെറ വക ഒരു പുതിയ ഡക്കോട്ടവിമാനം ജിദ്ദയിലുണ്ടെന്നും വേണ്ടത്ര പാസഞ്ചർമാരെ കിട്ടുമെന്നുണ്ടെങ്കിൽ അതു് ചാൎട്ടർ ചെയ്യിച്ചു തരുവാൻ വേണ്ടുന്ന ഉത്സാഹങ്ങൾ താൻ ചെയ്യാമെന്നും അറേബ്യയിലെ സുപ്രസിദ്ധ "ഫസൽ അബ്ദുല്ലാ അറബിക് കമ്പനിയുടെ മദീനയിലുള്ള പ്രതിനിധി എന്നോടു പറഞ്ഞതിന്നനുസരിച്ചു ജിദ്ദയിലേക്കു കമ്പി അടിച്ചു് ഡിസെമ്പ്ര് 16-ാംതിയ്യതിക്ക് പുറപ്പെടത്തക്കവണ്ണം വിമാനം ചാൎട്ടർ ചെയ്യിക്കുകയും ചെയ്തു.

## 5 മദീനയിൽനിന്നു് ജിദ്ദയിലേയ്ക്കു മടക്കം.

ഡിസെമ്പ്ര് 12-ാംതിയ്യതി മദീനയിൽനിന്നു മടങ്ങാൻ ഞങ്ങൾ തീരുമാനിച്ചു. വിവരം മുസവ്വിറിനെയും സുഊദി ഗവൺമെണ്ടിനേയും അറിയിക്കുകയും ചെയ്തു. വ്യാഴാഴ്ച രാവിലെ ഞങ്ങൾക്കു വാഹനം സൌകര്യപ്പെടുത്തുവാൻ മുസവ്വിറിനോടാവശ്യപ്പെട്ടുകയും, അദ്ദേഹം ഏപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു് എന്നെ അറിയിക്കുകയും ചെയ്തു. ഞങ്ങൾ രാവിലെ മടക്കയാത്രക്കൊരുങ്ങിയപ്പോൾ ഒട്ടധികം സുഹൃത്തുക്കൾ യാത്ര അയക്കാൻവേണ്ടി തടിച്ചുകൂടിയിരുന്നു. യാത്ര പുറപ്പെട്ടുകഴിഞ്ഞപ്പോഴെക്ക് ട്രാൻസ്പോർട്ട്കമ്പനിക്കാർ അന്നു വാഹനസൌകര്യം ചെയ്യാൻ തരപ്പെട്ടുകയില്ലെന്നു് ഒരു പ്രതിനിധിമുഖേന എന്നെ അറിയിച്ചു. യാത്രയ്ക്കുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞസ്ഥിതിക്കു് അന്നു യാത്ര മുടക്കുവാൻ നിവൃത്തിയില്ലെന്നും, അതുകൊണ്ടു് എങ്ങിനെയെങ്കിലും അന്നു് അല്പം വൈകിയെങ്കിലും യാത്രക്കുവേണ്ടുന്ന സൌകര്യം ചെയ്തുതരണമെന്നും ഞാൻ കമ്പനിക്കാരെ അറിയിച്ചുവെങ്കിലും അവർ ആദ്യതീരുമാനത്തിൽനിന്നു വ്യതിചലിച്ചില്ല. അതുകൊണ്ടു് അവിചാരിതമായി കുറച്ചുവൈഷമ്യം നേരിട്ടു. ഞാൻ ഉടനെ ഇബനുസുഊദിൻെറ പുത്രൻ അമീർഫൈസൽ രാജകുമാരനെ ചെന്നു കാണുകയും തിരുമനസ്സിൽനിന്നും, കമ്പനിയിലേയ്ക്കു് ടെലിഫോണിൽ ഉത്തരവുകൊടുത്തതിനനുസരിച്ചു ഉടനടി വേണ്ടുന്ന സൌകര്യങ്ങൾ ലഭിക്കുകയും, അന്നുതന്നെ മടക്കയാത്ര ആരംഭിക്കയും ചെയ്തു. ഇന്ത്യയിലേയ്ക്കു

പുറപ്പെടുന്നതിന്നുമുമ്പായി ജിദ്ദയിൽ പല കാൎയ്യങ്ങളും ചെയ്യുതീൎക്കേണ്ടതുണ്ടായിരുന്നതിനാൽ മദീനയിൽനിന്നു ജിദ്ദവരെയുള്ള യാത്ര കഴിയുന്നവേഗതയിൽ നിൎവ്വഹിക്കണമെന്നു ഞാൻ ഡ്രൈവരോടുപറഞ്ഞിരുന്നു. പിറേറ ദിവസം രാവിലെ 11½ മണിയോടുകൂടി ഞങ്ങൾ ജിദ്ദയിൽ എത്തുകയും, "ഹോട്ടൽ ഡി ജിദ്ദ"യിൽ കുളി, കാപ്പി ഇവ കഴിഞ്ഞു കിടന്നുറങ്ങുകയും ചെയ്തു. ഏതാണ്ട് രണ്ടുമണി സമയമായപ്പോൾ ഞങ്ങളെ അന്വേഷിച്ച് ഒരു മലയാളി അവിടെ വന്നിട്ടുണ്ടെന്ന് ഒരു ഹോട്ടൽവേലക്കാരൻ ഞങ്ങളെ അറിയിക്കുകയും, ഞങ്ങൾ അയാളെ കാണാൻ പുറത്തേയ്ക്കു വരികയും ചെയ്തു. അദ്ദേഹം ജിദ്ദയിലെ വലിയ ഒരു വ്യാപാരിയായ മി: ഹാജി പി. കെ. അലവിസാഹെബ് എന്ന മാന്യനായിരുന്നു. എനിക്ക് അപരിചിതനായിരുന്നുവെങ്കിലും സന്തോഷസമ്മിശ്രമായ കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം ഞങ്ങളുടെ ഭക്ഷണത്തിന്നു ഏൎപ്പാടു ചെയ്തിട്ടുണ്ടെന്നു പറഞ്ഞു് ഞങ്ങളെ ക്ഷണിച്ചു. ഞങ്ങൾ അയാളുടെ വീട്ടിൽ എത്തി ഭക്ഷണത്തിന്നിരുന്നപ്പോൾ വിളമ്പിയ വിവിധവിഭവങ്ങളോടുകൂടിയ ആ മലയാളസദ്യ ഒരിക്കലും മറക്കുവാൻ സാധിക്കുന്നതല്ല. കണ്ടുപോലെ ക്രമപ്രകാരമായി വിളമ്പിയ പുഴുങ്ങലരിച്ചോറു്, പലവിധ കറികൾ, ചട്ടിണി, തൈർ, ഉപ്പേരി, പപ്പടം തുടങ്ങിയ വിഭവങ്ങൾ; ഇങ്ങിനെ ഈ സദ്യയെ വൎണ്ണിപ്പാൻ പ്രയാസം. അദ്ദേഹം സ്വദേശം സന്ദൎശിക്കുന്നകാലത്തു് എന്നെ വന്നു കാണുമെന്നുള്ള വാഗ്ദാനത്തിന്നുശേഷം ഹസൻ അബ്ദുള്ളാ

അറബ അയിച്ചിരുന്ന കാറിൽ അദ്ദേഹത്തിൻെറ ആഫീസ്സിലേയ്ക്കുപോയി. മി. മുഹമ്മതഫാസൽ അബ്ദുള്ളാ അറബ ഹിജാസിലെ ഏററവും വലിയ വ്യവസായികളിൽ ഒരാളാണ്. ഏററവും എളിയനിലയിൽനിന്നു സ്വന്തപരിശ്രമത്താൽ ഉയൎന്നുവന്ന വിധിയോടു പൊരുതിയ ഒരു ധീരാത്മാവാണ് ഇദ്ദേഹം. ഏററവും വിശ്വസ്തനും, വളരെ സൌശീല്യനും, അതീവസുന്ദരനും, ഒരു നല്ല വിദ്യാസമ്പന്നനുമായ മി. മഹമ്മദ് എന്ന ഇദ്ദേഹത്തിൻെറ പുത്രൻ എല്ലാകാൎയ്യത്തിന്നും മതിപ്പെട്ടവനാണ്. കുറഞ്ഞ സമയം കൊണ്ടു് ആരേയും വശീകരിപ്പാൻ ഈ യുവകേസരിക്കുള്ള അസാധാരണപാടവം വിസ്മയാവഹമായിട്ടുള്ളതാണ്.

ഞങ്ങളുടെ ജിദ്ദയിൽനിന്നുള്ള പുറപ്പാടുവരെ താമസത്തിന്നുവേണ്ടി സിന്ധിയാ സ്റ്റീം നാവിഗേഷൻ കമ്പനിക്കാരുടെ വക ജിദ്ദയിലുള്ള അതിഥി മന്ദിരം ഞങ്ങൾക്ക് ഒരുക്കിവെച്ചിരുന്നു. ഞങ്ങളുടെ പാസ്സ്പോട്ട് മാററുക, വിമാനത്തിൽ കൊണ്ടുപോരാവുന്ന സാമാനങ്ങൾ തൂക്കി കണക്കാക്കുക മുതലായ ജോലികളെല്ലാം വേഗത്തിൽ കഴിച്ചു. മുഗൾ ലൈൻ കമ്പനിക്കാൎക്ക് മടക്കയാത്രക്കുള്ള കപ്പൽക്കൂലിയുംകൂടി ഒന്നായി അടച്ചിട്ടുണ്ടായിരുന്നതിനാൽ ഇന്ത്യൻ വൈസ് കോൺസൽ മുഖാന്തിരം മടക്കയാത്രക്കുള്ള കൂലി മടക്കിതരേണ്ടതിന്ന് കമ്പനിക്കെഴുതി അയച്ചു. വമ്പിച്ച തുക വിമാനത്തിന്ന് അടക്കേണ്ടിവന്നതുകൊണ്ടു് യാത്രക്കാവശ്യമുള്ള പണംതന്നെ ആരുടേയും കയ്യിലുണ്ടായിരുന്നില്ല. ഇതിന്നു മറുവടിയൊന്നും കിട്ടാഞ്ഞതുകൊണ്ടു് ഞാൻ മി. ഷാജിഹാ

നെ പോയിക്കണ്ടു. ബോംബായിൽ തിരിച്ചെത്തിയാലെ പണം മടക്കികിട്ടുകയുള്ളുവെന്ന് അദ്ദേഹം എന്നെ അറിയിച്ചു. അതിവിദൂരമായ അറേബ്യയിൽനിന്ന് സാമ്പത്തിക സഹായം ലഭിപ്പാനുള്ള മാർഗ്ഗമില്ലാത്തതുകൊണ്ടും ഇന്ത്യൻ വൈസ്കോൺസലിന്ന് ഇന്ത്യാഗവമ്മേണ്ടിൻെറ ഉത്തരവുമൂലം ഇക്കാര്യത്തിൽ ഒന്നും പ്രവർത്തിപ്പാൻ നിവൃത്തിയില്ലെന്നു വന്നുകൂടിയതുകൊണ്ടും കാര്യം കുറച്ചു വിഷമമായി എന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ബ്രിട്ടീഷു ലഗേഷനിൽപോയി മി. കപിസ്മേനുമായി കണ്ടു് അദ്ദേഹം ഇതിനു നിവാരണമുണ്ടാക്കിത്തരികയും മുഗൾമെയിൽകാർ പണം റീഫണ്ടു് ചെയ്തുതരികയും ചെയ്തതുമൂലം ഈ ബുദ്ധിമുട്ടു തീൎന്നു.

---

## 6. ജിദ്ദയിൽനിന്നു കറാച്ചിയിലേക്ക്.

ഡിസെമ്പ്ര് 17-ാം തിയ്യതി രാവിലെ അറേബ്യൻ സമയം 2 മണിക്ക് (ഇന്ത്യൻ സമയം രാവിലെ 8 മണിക്ക്) മിഡിൽ ഈസ്റ്റ് എയർ ലൈൻ കമ്പനിക്കാരുടെ വക ഇരുപത്തിരണ്ടു പാസഞ്ചർമാർക്കും അഞ്ചു വൈമാനിക ഉദ്യോഗസ്ഥന്മാർക്കും സഞ്ചാരസൌകര്യമുള്ളതും പുതുതായി നിർമ്മിച്ചതും നവീന പരിഷ്കാരങ്ങളോടും പുതിയ തരം ഇരിപ്പിടങ്ങളോടും കൂടിയതും "റാഫഡാ" എന്ന പേരോടുകൂടിയതും ഞങ്ങൾക്ക് പ്രത്യേകമായി ചാർട്ടർ ചെയ്തതുമായ ഡെക്കോട്ടയിൽ ഞങ്ങൾ യാത്രപുറപ്പെട്ടു. ഓരോർക്ക് 66 റാത്തൽ തൂക്കം സാമാനങ്ങളെ വിമാനത്തിൽ കൊണ്ടുവരുവാൻ അനുവദിച്ചിരുന്നുള്ളു. അതുകൊണ്ടു അധികരിച്ചുള്ള സാമാനങ്ങൾ എസ്സ്. എസ്സ്. റിസ്‌വാനി" എന്ന മുഗൾലൈൻ സ്റ്റീമറിൽ ബോമ്പെക്കു കയററി അയക്കുകയാണുണ്ടായത്.

അവരവരുടെ സൌകര്യമനുസരിച്ചു ചാഞ്ഞും, ചരിഞ്ഞും, നിവന്നും ഇരിക്കാൻ സാധിക്കുന്ന സോഫകളിൽ എല്ലാവരും ആസനസ്ഥരായശേഷം വെറും ഒരു മുൻകരുതലെന്ന നിലയ്ക്കു് ഞങ്ങളെ ഓരോരുത്തരേയും ഓരോ ബെൽടിനാൽ ഇരിപ്പിടത്തോടു് ബന്ധിച്ചശേഷം ആ വ്യോമയാനം ആകാശത്തിലേക്കുയന്നു. ഉയരുംതോറും ഒരു ഭാഗത്തു വിശാലമായികിടക്കുന്ന അറബിക്കടലും മറുഭാഗത്തു് തിങ്ങിക്കിടക്കുന്ന പർവ്വതശിഖരികളും മാറി മാറി നോക്കിക്കൊ

ണ്ട് ഞാൻ മന്ദം മന്ദം അവയെയെല്ലാം ജയിച്ചു കീഴടക്കി. "വിപ്ലവത്തിൽനിന്നും വിമോചനം ലഭിച്ചു സമാധാനം സ്ഥാപിതമായി സിവിൽ ഭരണം നടപ്പിൽവന്ന ഒരു രാഷ്ട്രത്തെപ്പോലെ ആ വിമാനം സമനിരപ്പായി ശീഘ്രഗതിയിൽ പാറിപ്പറന്നുതുടങ്ങി. "വിപ്ലവകാരികളായ" ഞങ്ങൾ ബന്ധനവിമോചിതരുമായി. ഞാൻ അധികസമയവും വാതായനത്തിൽക്കൂടി കീഴ്പ്പോട്ടു നോക്കിക്കൊണ്ടു് കഴിച്ചുകൂട്ടി. ചിലപ്പോൾ പഞ്ചസാരതോററ വെറും അറേബ്യൻ മണലാരണ്യം ചിലപ്പോൾ വൃക്ഷലതാദികളൊ പുല്ലുപുഷ്പാതികളൊ ഇല്ലാത്ത അറേബ്യൻ പർവ്വതനിരകൾ ചിലപ്പോൾ സൂര്യരശ്മികളേററു തിളങ്ങിക്കൊണ്ടിരിക്കുന്ന കടൽപ്പരപ്പു്, ചിലപ്പോൾ കാററിൽ പാറിക്കളിക്കുന്ന ഉന്നക്കൂട്ടത്തെപ്പോലെ വ്യോമയാനത്തിന്നു കീഴ്ഭാഗത്തായി കൂടിനില്ക്കുന്ന മേഘപടലം ഇങ്ങിനെ മാറിമാറികണ്ടുകൊണ്ടു് എന്റെ നോട്ടം തെററാതെ യാത്ര പുരോഗമിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ വിമാനം വളരെ ഉയരത്തിൽപൊങ്ങിപ്പറന്നതുകൊണ്ടു് താഴെ നോക്കുമ്പോൾ വെറും മൂടൽമഞ്ഞുപോലെ മാത്രമെ ദൃഷ്ടിക്കു ഗോചരമായിരുന്നുള്ളു. മേഘക്കൂട്ടത്തിന്നു് എപ്പോഴും മീതെ പറന്നതുകൊണ്ടു് കീഴ്ഭാഗത്തു് വെള്ളത്തുണികൊണ്ടു് ഒന്നാകെ മൂടിപ്പുതച്ച ദിക്കുകളാണൊ കീഴ്ഭാഗം എന്നു തോന്നിപ്പോകും. ആകാശത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ താഴെ ഭൂവിഭാഗത്തിന്റെ ഒരു ചിത്രം മനസ്സിൽ വരയ്ക്കുവാൻ സാധിച്ചു. അറേബ്യൻ മരുഭൂമി മറിച്ചു കടന്നിട്ടാണു് ഞങ്ങൾക്കു് ബഹറനയിൽ എ

ണ്ടിയിരുന്നത്. പുറപ്പെട്ടപ്പോൾ ഒരു ഭാഗത്ത് ദൃശ്യമായിരുന്ന അറബിക്കടൽ അല്പസമയത്തിന്നുശേഷം അദൃശ്യമായി. പിന്നെ അതി വിസ്തൃതമായിക്കിടക്കുന്ന അറേബ്യൻ മരുഭൂമിക്കുമീതെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ മരുഭൂമിയുടെ ഏകദേശരൂപം കാണണമെന്ന എൻെറ ആഗ്രഹം സുസാദ്ധ്യമായി. അതിവിശാലമായി ഉപയോഗശൂന്യമായി വെറും തരിശായി കിടക്കുന്ന ഈ മരുഭൂമി കണ്ടപ്പോൾ അമേരിക്കൻ പ്രസിഡണ്ട് മി. റൂസ്‌വെൽട്ട് യാൾട്ടയിൽനിന്നു മടക്കത്തിൽ ഇതേ മരുഭൂമിയ്ക്കു മീതെ പറന്നപ്പോൾ അദ്ദേഹത്തിന്നുണ്ടായ മനോവ്യഥതന്നെയാണ് എനിക്കും ഉണ്ടായത്. അറേബ്യൻ മരുഭൂമിയ്ക്കുമീതെ അദ്ദേഹത്തിൻെറ വിമാനം സഞ്ചരിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം വൈമാനികനോട് വളരെ താഴ്ന്നു പറയ്ക്കുവാൻ ആവശ്യപ്പെടുകയും മരുഭൂമിയുടെ ഏകദേശരൂപം മനസ്സിലാക്കുകയും അമേരിക്കൻ കമ്പനിക്കാരെ ഏല്പിച്ചു വെള്ളം നനച്ചു ഈ രാജ്യം ഫലഭൂയിഷ്ഠമാക്കുണ്ടതിലേക്ക് അദ്ദേഹം സുൽത്താൻ ഇബനുസൂഊദിന്ന് സഹായം വാഗ്ദത്തം ചെയ്കയുമുണ്ടായി. എന്നാൽ സുൽത്താൻ ഇതിൽ ഔത്സുക്യം പ്രദർശിപ്പിച്ചില്ലത്രെ. കുറച്ചുനേരത്തെ വിമാനോട്ടത്തിന്നുശേഷം ഒരസ്വാസ്ഥ്യം എന്നെ വല്ലാതെ ബാധിച്ചു. പുകവലി നിരോധിച്ചതായിരുന്നു ഇതിന്നു കാരണം. എൻെറ ഉന്മേഷം കുറേശ്ശയായി കുറഞ്ഞുതുടങ്ങി. കുറച്ചു സമയവും കൂടി ഞാൻ അങ്ങിനെ ഇങ്ങിനെ കഴിച്ചുകൂട്ടി. ഗത്യന്തരമില്ലെന്നുകണ്ടു് ഞാൻ ഇരിപ്പിടത്തിൽനിന്നും എഴുന്നേററു

കേപ്ററനെ സമീപിച്ചു. "എന്നാൽ ജിദ്ദയിൽനിന്ന് ഞങ്ങളെ യാത്ര അയപ്പാൻ വിമാനത്താവളത്തിൽ വന്നിട്ടുണ്ടായിരുന്ന എൻെറ സുഹൃത്തുക്കൾ മുഖാന്തരം വൈമാനികന്മാരെ പരിചയപ്പെടുക മാത്രമല്ല ഒരുതരം സ്നേഹിതന്മാർതന്നെ ആയിക്കഴിഞ്ഞിട്ടുമുണ്ടായിരുന്നു. ആ മാന്യൻ എന്നെ എഞ്ചിൻമുറിയിൽ കൂട്ടിക്കൊണ്ടുപോയി പുകവലിക്കുവാനുള്ള അനുവാദംതന്നു. കൂടാതെ പുകവലിക്കേണ്ടുന്ന ആവശ്യം നേരിടുമ്പോഴൊക്കെ എഞ്ചിൻമുറിയിൽ പ്രവേശിച്ചുകൊള്ളുവാനുള്ള സ്വാതന്ത്ര്യവും എനിക്കനുവദിച്ചുകിട്ടി. പുകവലി നിരോധിച്ചിട്ടുള്ളതുകൊണ്ട് മററു പല യാത്രക്കാൎക്കും ബുദ്ധിമുട്ട് നേരിട്ടിരുന്നുവെന്ന് ഞാൻ അറിയും. എനിക്കീ സൌകൎയ്യം അനുവദിച്ചു കിട്ടീട്ടില്ലായിരുന്നുവെങ്കിൽ മററു വിധത്തിൽ വളരെ സുഖപ്രദവും സൌകൎയ്യകരവുമായിരുന്ന ആ യാത്ര എനിക്ക് സമ്പൂൎണ്ണസംതൃപ്തി നല്കുമായിരുന്നില്ല.

വിമാനം ജിദ്ദയിൽനിന്നു പുറപ്പെടേണ്ടതിന്നു സൌദ ഗവൎമ്മെണ്ടിൻെറ അനുമതി ലഭിച്ചിട്ടില്ലായിരുന്നതിനാലും പുറപ്പെട്ട ദിവസം ആജ്ഞ ലഭിപ്പാൻ താമസം നേരിടുമെന്നു ശങ്കിച്ചതിനാലും അന്നുതന്നെ കറാച്ചി എത്താൻ സാദ്ധ്യമാകയില്ലെന്നു കരുതി "ഷാർജാ"യിൽ താമസിക്കാനുള്ള സൌകൎയ്യങ്ങൾക്കുവേണ്ടി പുറപ്പെട്ടതിൻെറ തലേദിവസം ഒരു യൂറോപ്യൻഹോട്ടലിലേയ്ക്ക് എൻെറ പേരിൽ ഒരു കേബിൾ അയക്കുകയുണ്ടായി. എങ്കിലും ഞങ്ങൾക്ക് അന്നു കൃത്യസമയത്തുതന്നെ പുറപ്പെടുവാൻ സാധിച്ചതുകൊണ്ടു ഞങ്ങൾ കൃത്യം 12മണിക്ക് "ബഹറനയി"ൽ എത്തി. ബ

ഹാനയിൻനഗരത്തെ ഒട്ടാകെ വലയം ചെയ്തുകൊണ്ടു് പ്ലെയ്ൻ കീഴ്പ്പോട്ടിറങ്ങുവാൻ തുടങ്ങി. അന്തമാനിൽ കൊണ്ടിറക്കുന്ന തടവുപുള്ളികൾ സമുദ്രത്തിൽചാടി അഭയം പ്രാപിക്കുന്നതിനെ ഭയന്നു് പോലീസ്സ് കരക്കിറക്കുന്നതിനു മുമ്പു് ബന്ധിക്കുംപോലെ ഞങ്ങളെയും വിമാനധികൃതന്മാർ ബൽട്ടിനാൽ ബന്ധിക്കപ്പെട്ടു. ചിന്നിച്ചിതറിക്കിടക്കുന്ന പേഷ്യൻഉൾക്കടലിൽ അണിനിരന്നുനിന്നിരുന്ന ചെറുവള്ളങ്ങളും പത്തേമാരികളും ബഹ്റയിൽദ്വീപിൽ സമൃദ്ധിയായി വളരുന്ന നമ്മുടെ നാട്ടിലെ തെങ്ങിൻസമൂഹത്തെപ്പോലെയുള്ള ഈന്തപ്പനത്തോപ്പുകളും എടുപ്പുകളും മാറിമാറിക്കണ്ടുതുടങ്ങി. വ്യോമയാനം ചുററിക്കൊണ്ടു സാവകാശം കീഴ്പ്പോട്ടു വരുംതോറും വിമാനത്താവളം വ്യക്തമായിക്കണ്ടുതുടങ്ങി. ഇവിടത്തെ വിമാനസങ്കേതം ആഴമേറിയ മണൽപ്രദേശമായതുകൊണ്ടു കറുപ്പുനിറത്തോടുകൂടിയ റബ്ബർഷീട്ടുകൾ വിരിച്ചതിലാണു് വിമാനങ്ങൾ നിലത്തിറങ്ങുന്നതു്. വിമാനം ഭൂമിയിലിറങ്ങിയശേഷം ഭൂമിയിൽക്കൂടെ കുറെ അധികദൂരം ഓടിച്ചശേഷമാണു് ഞങ്ങൾ വിമാനയാത്രക്കാൎക്കുള്ള വിശ്രമശാലയിൽ എത്തിയതു്. പേഷ്യൻഉൾക്കടലിൽ വളരെ വിരളമായെ ആവിക്കപ്പലുകൾ സഞ്ചരിക്കാറുള്ളൂ. ബഹറൈനിയിൽ വൈകുന്നേരമെ എത്തുകയുള്ളുവെന്നു കരുതി, വൈകുന്നേരത്തെ ചായക്കുവേണ്ടി അവിടത്തെ വിമാനത്താവളത്തിലേക്കും ഒരു കേബിൾ അയച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ അപ്രതീക്ഷിതമായി കാലത്തെ എത്തിയതുകൊണ്ടു് അവിടെ അതുപ്രകാരം ഒന്നും ശ

രിപ്പെട്ടത്തിട്ടുണ്ടായിരുന്നില്ല. ഞങ്ങൾ കുറെ ഇംഗ്ലീഷുബിസ്കറ്റുകളും നാരങ്ങവെള്ളവും കഴിച്ച് ചുരുങ്ങിയ വിശ്രമത്തിന്നുശേഷം അന്നുതന്നെ കറാച്ചിയിലെത്തുവാനുള്ള ദൃഢനിശ്ചയത്തോടുകൂടി യാത്രപുറപ്പെട്ടു.

ബഹറയിൽ പേഷ്യൻഉൾക്കടലിൽ സ്ഥിതിചെയ്യുന്ന പുരാതനവും ചരിത്രപ്രസിദ്ധവുമായ ഒരു ദ്വീപാണ്. സമനിരപ്പായികിടക്കുന്ന ഈ ദ്വീപ് രണ്ടാംലോകമഹായുദ്ധംമൂലം വളരെ സൈനികപ്രാധാന്യമുള്ള ഒരു പ്രദേശമായിതീൎന്നിട്ടുണ്ട്. ഇവിടത്തെ നിവാസികൾ അറബികളും, ഇവർ അറബിഭാഷ സംസാരിക്കുന്നവരുമാണ്. ഈ ദ്വീപ് ബ്രിട്ടീഷ്മേധാവിത്വത്തിൽ "ബഹറയിൽഷാ" എന്ന ഒരു നാട്ടുരാജാവിനാൽ ഭരിക്കപ്പെടുന്നു. അവിടത്തെ ഷാക്ക് ഇവിടുത്തെ നാട്ടുരാജാവിന്നുള്ള പദവിയിലും ചുരുങ്ങിയ പദവിയെ ഉള്ളു. ഇവിടെ ഭക്ഷണദൌർല്ലഭ്യം വല്ലാതെയുണ്ട്. യുദ്ധം കഴിഞ്ഞു് എല്ലാം സമാധാനമായിരുന്നുവെങ്കിലും മദ്ധ്യപൂൎവ്വപ്രദേശത്തിലെ തന്ത്രസ്ഥാനങ്ങളിലൊന്നായ ഈ ദ്വീപ് അപ്പോഴും വമ്പിച്ച ഒരു സേനാസങ്കേതമായിരുന്നു. ഈ ദ്വീപ് ബ്രിട്ടന്നവകാശപ്പെട്ടതല്ലെന്നും ഈ ദ്വീപിൻെറ ശരിയായ അവകാശി പേഷ്യയാണെന്നും, പേഷ്യ ഈ ദ്വീപിന്മേൽ അടുത്തു ബ്രിട്ടനോട് അവകാശം പുറപ്പെടുവിക്കുന്നതാണെന്നും, അന്ന് വിമാനത്താവളത്തിൽവെച്ചു പരിചയപ്പെട്ട ഒരു മാന്യൻ സംസാരമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി. ബഹറായിൻപട്ടണം ചുററിക്കാണണമെങ്കിൽ ജീപ്പ് അയച്ചുതരാമെന്ന് ഈ മാന്യൻ പ

റിയുകയുണ്ടായെങ്കിലും സമയദൌർല്ലഭ്യംകൊണ്ട് അതു നന്ദിപൂർവ്വം നിരസിക്കേണ്ടിവരികയാണുണ്ടായത്.

അവിടെനിന്ന ഞങ്ങൾ താമസിക്കാനുദ്ദേശിച്ച വിവരമറിയിച്ചിരുന്ന 'ഷാർജാ'യിലേക്ക് 400 നാഴിക മാത്രമെ ദൂരമുണ്ടായിരുന്നുള്ളു. അവിടെ ഞങ്ങൾ രണ്ടരമണിക്കൂറുകൾ കൊണ്ടെത്തിച്ചേർന്നു. 'ഷാർജായി'ൽ നമുക്ക താമസിക്കേണ്ട ആവശ്യമില്ലെന്നും വൈകുന്നേരത്തേക്ക് കറാച്ചിയിൽ എത്താമെന്നും ബഹറയാനിൽ നിന്ന പുറപ്പെട്ടപ്പോൾ കപ്പിത്താൻ പറഞ്ഞിരുന്നു. അന്ന കറാച്ചിയിൽ എത്തിച്ചേരുന്നതിൽ എല്ലാവരും ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഷാർജായിൽ ഞങ്ങൾ വിമാനം ഇറങ്ങിയപ്പോൾ കണ്ട കാഴ്ച ഞങ്ങളെ അത്ഭുതപരതന്ത്രരാക്കി എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. എന്റെ നേതൃത്വത്തിൽ ഒരു ഹജ്ജ് പാർട്ടി പ്രത്യേക വിമാനമാർഗ്ഗം അവിടെ എത്തുന്നുണ്ടെന്ന ഷാർജായിൽ വാർത്ത പ്രചരിച്ചിരുന്നു. കൂടാതെ അവിടെ സിവിൽ ഉദ്യോഗങ്ങളിലും സൈനിക ഉദ്യോഗങ്ങളിലും ഉയർന്ന പദവികളിൽ ഇരിക്കുന്ന ഒട്ടേറെ ഇന്ത്യക്കാരും ഈ വിവരം കാലെക്കൂട്ടി അറിഞ്ഞിരുന്നു. ഇവരെല്ലാം ഞങ്ങളെ സ്വീകരിക്കേണ്ടതിലേക്ക് വിമാനത്താവളത്തിൽ വന്നുചേർന്നിരുന്നു. ഇതിന്നു ഒരു പ്രധാനകാരണവുമുണ്ടായിരുന്നു. ജിദ്ദയിൽ നിന്ന തലേദിവസം യൂറോപ്യൻ ഹോട്ടലിലേക്ക് താമസസൌകര്യത്തിന്നുവേണ്ടി അയച്ചിട്ടുണ്ടായിരുന്ന കേബിളിലെ ഉള്ളടക്കം ഹോട്ടലിലെ യൂറോപ്യൻ

മാനേജർ ഇന്ത്യക്കാരായ ഹോട്ടൽവേലക്കാരെ അറിയിക്കുകയും അവർ ഇന്ത്യക്കാരായ ഞങ്ങളുടെ ആഗമനത്തിൽ അതീവസന്തുഷ്ടരായിത്തീരുകയും ചെയ്തു. എന്നാൽ പിന്നീട് ചില തകരാറുകൾ വന്നുചേർന്നു. അന്നു വൈകുന്നേരം വേറെ ഒരു ഇംഗ്ലീഷ് പാർട്ടി എത്തുന്നുണ്ടെന്നു അന്നു രാവിലെ ഒരു കേബിൾ പ്രസ്തുത ഹോട്ടൽമാനേജർക്ക് ലഭിക്കുകയുണ്ടായി. ഇതിനെത്തുടർന്നു മാനേജർ ഞങ്ങളുടെ റിസർവ്വേഷൻ റദ്ദുചെയ്യുകയും ഇംഗ്ലീഷ് പാർട്ടിക്ക് മുൻഗണന നല്കുകയും ചെയ്തു. ഈ സംഗതി വേലക്കാരിൽ അതൃപ്തിയും അമർഷവുമുണ്ടാക്കി. ഒടുവിൽ അവിടെയുള്ള ഉയർന്ന ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ഇടപെട്ടു ഇക്കാര്യത്തിൽ ഒരു മാദ്ധ്യസ്ഥമുണ്ടായി. അതായതു രാത്രിയത്തെ ഭക്ഷണം ഞങ്ങൾക്കും ഇംഗ്ലീഷ് പാർട്ടിക്കും ഒന്നായി ഹോട്ടലിൽ നിന്നു നല്കാമെന്നു ധാരണ ഏററു. ഞങ്ങളുടെ താമസത്തിന്നു ഒരു യൂറോപ്യൻ ബാറക്സ് അന്നുരാത്രിക്ക് ഒഴിപ്പിച്ചു ശരിപ്പെടുത്തി താമസസൌകര്യം ചെയ്തുകൊള്ളാമെന്നു ഇന്ത്യക്കാരായ പട്ടാള ഉദ്യോഗസ്ഥന്മാരും ഏററു. ഇതെല്ലാം ഞങ്ങൾ എത്തുന്നതിന്നു എത്രയോ മുമ്പുതന്നെ കഴിഞ്ഞ സംഭവങ്ങളാണ്. ഞാൻ ഞങ്ങളെ സ്വീകരിപ്പാനെത്തിച്ചേർന്നവർ ഓരോരുത്തരോടും കുശലപ്രശ്നങ്ങൾ ചെയ്തു ശേഷം ഞങ്ങൾ അപ്പോൾതന്നെ യാത്രതുടരുന്ന വിവരം വ്യസനസമേതം അവരെ അറിയിച്ചു. അവർ ഞങ്ങൾ അവിടെ എത്തുന്നതിന്നു മുമ്പായി നടന്ന സംഭവങ്ങൾ സവിസ്തരം ഞങ്ങളെ പറഞ്ഞു കേൾപ്പിക്കുകയും ഞങ്ങളെ അ

ന്നപോരാൻ അനുവദിക്കുകയില്ലെന്നു ശഠിക്കുകയും ചെയ്തു. അന്നത്തെ ദിവസം അവിടെ താമസിക്കണമെന്നുള്ള പ്രേമപൂർവ്വകമായ പ്രാർത്ഥനയെ അംഗീകരിക്കേണ്ടിവന്നു. വൈമാനികോദ്യോഗസ്ഥന്മാരോട് പിറേറദിവസം മാത്രമെ പുറപ്പെട്ടുവാൻ സാധിക്കയുള്ളുവെന്നും ഞങ്ങളുടെ ആതിഥേയരെ നിരാശപ്പെടുത്തുക ഒരു വിധത്തിലും സാദ്ധ്യമല്ലെന്നും ഞാൻ പറഞ്ഞു. അവർ അതിന്നു വഴിപ്പെട്ടുകയും ചെയ്തു. കുശലപ്രശ്നങ്ങൾക്കുശേഷം ഉദ്യോഗപ്രമുഖന്മാർ രാത്രി ഹോട്ടലിൽ വന്നു കണ്ടു് ഒന്നിച്ചു കൂട്ടിക്കൊണ്ടു പോകാമെന്നു വാഗ്ദത്തം ചെയ്തു പിരിയുകയും ചെയ്തു.

ഈ യൂറോപ്യൻഹോട്ടൽ ഒന്നാംകിടയിലുള്ള ഒന്നാണ്. സകലവിധസൌകര്യങ്ങളും ആ ഹോട്ടലിൽ ഉണ്ടായിരുന്നു. വിശാലമായ വിശ്രമമുറി, ഡൈനിംഗ്ഹാൾ, വായനമുറി, റേഡിയൊസെററ്, ബോറമെൻററൻകോർട്ടു്, വിസ്തൃതവും സൌകര്യപ്രദവുമായ മുറികൾ, ഇവയെല്ലാം നവീനവും ആഡംബരത്തോടുകൂടിയതും, പരിഷ്കൃതവുമായ ഉപകരണങ്ങൾ, പുത്തൻമോടിയിലുള്ള കസ്സേരകൾ, കുളിമുറികൾ, ശൃംഖലക്കട്ടിലുകൾ, കാററുകൊള്ളാനും, കാഴ്ചകാണാനുമുള്ള ഇരിപ്പിടങ്ങൾ, പൂന്തോട്ടം ഇവയെല്ലാം ഈ ഹോട്ടലിലുണ്ടായിരുന്നു. ഞങ്ങൾ കുളി, പ്രാർത്ഥന, ലഞ്ച് ഇവ കഴിഞ്ഞു് ഷാർജ ചുററിക്കാണ്മാൻ പുറപ്പെട്ടു. പട്ടണം അതിവിദൂരമല്ലാത്തതിനാലും അതൊരു ചെറുനഗരി മാത്രമായതുകൊണ്ടും, ഹോട്ടലിൽതന്നെ കാറുണ്ടായിരുന്നിട്ടും ഞങ്ങൾ നടന്നാണ് നഗരം കണ്ടതു്. ഇവിടെ ഭക്ഷണക്ഷാമ

മില്ലെന്നു മാത്രമല്ലാ, സകലസാമാനങ്ങളും സുലഭമായുമുണ്ട്. മാർക്കറ്റുകളും, വ്യാപാരകേന്ദ്രങ്ങളും, 'ഷാർജയിലെ ഷാ'യുടെ അരമനയും, അവിടത്തെ ജുമാമസജിദ് എല്ലാം ഞങ്ങൾ പോയികണ്ടു. ഒരു ഹോട്ടലിൽനിന്നു മലയാളക്കാരുടെ രീതിയിൽ തയ്യാർചെയ്ത തേങ്ങാച്ചോറ് കുറേശ്ശെ വാങ്ങി ഞങ്ങൾ ഭക്ഷിക്കുകയുമുണ്ടായി.

'ഷാർജാ' ബ്രിട്ടീഷ് മേല്ക്കോയ്മയിൽ ഒരു "ഷാ"യാൽ ഭരിക്കപ്പെട്ടുന്ന രാജ്യമാണ്. ഇവിടത്തെ പോലീസ്സുകാർക്കു പ്രത്യേകയൂനിഫോറം ഒന്നും ഇല്ല. എന്നാൽ ഇവരുടെ അരയിൽ ഒരു തോലിൻെറ പട്ടയും, അതിന്മേൽ നിറയെ തോക്കിൻതിരകളും, പുറത്ത് ഒരു തോക്കു വിലങ്ങനെ കെട്ടിത്തൂക്കീട്ടും ഉണ്ടാകും.

നേരം സന്ധ്യയാകാറായപ്പോൾ ഒരു വിമാനംവരുന്ന ശബ്ദം കേട്ടുതുടങ്ങുകയും ഉടനെ വിമാനം ഞങ്ങൾ ഇരുന്നിട്ടുണ്ടായിരുന്ന ടെറസ്സിന്നു മീതെ പ്രത്യക്ഷപ്പെട്ടുകയും ചെയ്തു. അതു് അന്ന് അവിടെ എത്തുമെന്ന് അറിയിച്ചിട്ടുണ്ടായിരുന്ന ബ്രിട്ടീഷ് പാർട്ടിയായിരിക്കുമെന്നു ഞാൻ ഊഹിച്ചു. ഞാൻ ടെറസ്സിൽനിന്നും താഴെ ഇറങ്ങി വിമാനത്താവളത്തിലേക്കു നടന്നു ഞങ്ങളുടെ വിമാനത്തിന്നു സമീപം പോയിനിന്നു. ഇംഗ്ലീഷ് പാർട്ടി താഴെ ഇറങ്ങിക്കഴിഞ്ഞിരുന്നു. ആ പാർട്ടിയിൽ ഉല്ലാസയാത്രക്കു വേണ്ടി പുറപ്പെട്ട മിസ്റ്റർ റീഡ് എന്ന ലണ്ടനിലെ ഒരു വ്യവസായപ്രമാണിയും അദ്ദേഹത്തിൻെറ സുഹൃത്തുക്കളായ അഞ്ചു

ബ്രിട്ടീഷ് വനിതകളുമായിരുന്നു ഉണ്ടായിരുന്നത്. സാധാരണ അവരുടെ സമ്പ്രദായപ്രകാരം തമ്മിൽ പരിചയപ്പെടേണമെങ്കിൽ രണ്ടുപേരേയും അറിയുന്ന ഒരു മൂന്നാമൻ ആവശ്യമാണെന്നു കേട്ടിട്ടുണ്ട്. എന്നാൽ മി: റീഡാവട്ടെ ഈ സമ്പ്രദായത്തെ ഭഞ്ജിച്ചുകൊണ്ടു എന്നോടു കുശലപ്രശ്നം ചെയ്യുകയുണ്ടായി. ഇതിനെ തുടന്നു ചിരകാലപരിചിതരെപ്പോലെ ഞങ്ങൾ ചിരിയും കളിയുമായി ഹോട്ടലിലേക്കു നടന്നു. വഴിമദ്ധ്യേ യൂറോപ്യൻ ഹോട്ടലിൽ നടന്ന സംഭവം ഞാൻ അദ്ദേഹത്തെ പറഞ്ഞുകേൾപ്പിച്ചു. ഇതു എൻെറ നവീന സുഹൃത്തായ മി: റീഡിന്നു വലിയ വിഘാതവും വിഷമതയുമുണ്ടാക്കി. അദ്ദേഹം അതിൽ അപാരമായ വ്യസനം പ്രകടിപ്പിക്കയും എന്നോടു മാപ്പു ചോദിക്കുകയും ചെയ്തു. ഞങ്ങളെല്ലാവരും കൂടി ഹോട്ടലിൽ പ്രവേശിച്ചു. അവർ നേരെ വിശ്രമമുറിയിലേക്കും ഞാൻ 'ഉസു' ഉണ്ടാക്കാൻവേണ്ടി കുളിമുറിയിലേക്കും പോയി. ഞാൻ വിശ്രമമുറിയിൽ ചെല്ലുന്നതിന്നു മുമ്പായി ഹോട്ടൽ മാനേജരുമായി മി: റീഡ് പ്രസ്തുത സംഭവത്തെ സംബന്ധിച്ചു സംസാരിച്ചിരുന്നുവെന്നു എനിക്കു മനസ്സിലായി. ഞങ്ങൾ എല്ലാവരും ഒന്നിച്ചാണ് ചായ കഴിച്ചതു്. അതിന്നു ശേഷം ഞങ്ങൾക്ക് താമസത്തിന്നേർപ്പാടു ചെയ്തിരുന്ന ബാറക്സിലേയ്ക്കു പോകേണ്ടിയിരുന്നതിനാൽ രാത്രി ഭക്ഷണം വേഗം കഴിച്ചു. ഞങ്ങളെ കൂട്ടിക്കൊണ്ടു പോകേണ്ടതിലേയ്ക്കു ഇന്ത്യൻ ഉദ്യോഗസ്ഥന്മാർ ജീപ്പുകളും കാറുകളുമായി അപ്പോഴേക്കും എത്തിച്ചേന്നി

രുന്നു. ഞങ്ങൾ പോകാൻ ഒരുങ്ങി നില്ക്കുമ്പോൾ മി. റീഡ് എന്നെ കാണാൻ ആവശ്യപ്പെട്ടുകൊണ്ടു് ഒരാളെ അയച്ചു. ഞാൻ അവരൊന്നിച്ചു പോകാൻ പാടില്ലെന്നും മററുള്ളവർ പോയി രാവിലെ മടങ്ങിവരട്ടെ എന്നും മി. റീഡ് എന്നോടു പറഞ്ഞു. ഈ ഒരാവശ്യത്തിൻെറ പിന്നിൽ സമത്വത്തിൻെറയും സാഹോദര്യത്തിൻെറയും നിഴലുകൾ പ്രതിബിംബിക്കുകണ്ടതുകൊണ്ടും ഇതൊരവകാശസ്ഥാപനമായും ബ്രിട്ടീഷുമേധാവിത്വം, ഇന്ത്യൻ അടിമത്വം ഇവയെ തട്ടിനിരത്തുവാൻ ഏതൽക്ഷണങ്ങൾ തീച്ചയായും ഒരു മുന്നോടിയാണെന്നുള്ളതുകൊണ്ടും ഞാൻ ഈ ആവശ്യത്തെ അനുവദിച്ചു. ബാക്കിയുള്ളവർ കാറിൽ കയറിപ്പോകുമ്പോൾ ഞാൻ അവരുടെ സമീപത്തേയ്ക്കു ചെന്നിരുന്നു. അവക്ക് എൻെറ "പിൻവാങ്ങലി"ൽ ഉള്ള നീരസം പ്രത്യക്ഷമായിരുന്നു. അവർ വഴിക്കു വെച്ചു എന്നെ കഠിനമായി വിമശിച്ചിരുന്നുവെന്നും അക്കാര്യത്തിൽ എനിക്കെതിരായി അവർ ഒരൈക്യ അണി സൃഷ്ടിച്ചിരുന്നുവെന്നും പിന്നീട് എനിക്കറിവാൻ ഇടയായി. വളരെ സൌകര്യങ്ങൾ അവക്കവിടെ ലഭിച്ചിരുന്നു. എന്നിട്ടും അവക്ക് ഞാൻ ഒററതിരിഞ്ഞുനിന്ന് എന്നുള്ളതു് ആക്ഷേപകരമായിത്തോന്നി. എല്ലാവക്കും അവിടെ താമസസൌകര്യമില്ലാതിരുന്നതാണു ഒരു കക്ഷിയെ വിഗണിക്കുവാൻ ഹോട്ടൽ മാനേജരെ പ്രേരിപ്പിച്ചതു്. ഇതിൽ ഞാനൊ എൻെറ നവീനസുഹൃത്തുക്കളൊ ഉത്തരവാദികളല്ലെന്നുള്ളതു് പ്രത്യക്ഷമാണു്. രാത്രി 4 മണി സമയത്തു് മി. റീഡിന്നും പാട്ടിക്കും സ്ഥലം

വിടേണ്ടിയിരുന്നു. അതുകൊണ്ട് രാത്രി ഉറക്കമിളച്ചുകൊണ്ടാണ് ഞങ്ങൾ ഹോട്ടലിൽ കഴിച്ചുകൂട്ടിയത്. അവിടെനിന്നു അവരുടെ വിമാനം പുറപ്പെടുന്നതിന്നു മുമ്പ് കാലാവസ്ഥ അറിയേണ്ടിയിരുന്നു. അവിടത്തെ മെട്രോളൊജിക്കൻ ഡിപ്പാർട്ട്മെണ്ടിൻെറ തലവനെ രാത്രി ചെന്നു വിളിച്ചുണത്തി കാലാവസ്ഥ പരിശോധിപ്പിക്കുകയുണ്ടായി. ഇദ്ദേഹം ഒരു ബങ്കാളിയാണ്. പ്രസ്തുത ഗവേഷണം കാണണമെന്നു ഞാൻ ഔൽസുക്യം പ്രദർശിപ്പിച്ചതിനനുസരിച്ച് അദ്ദേഹം തന്നെ യന്ത്രസാമഗ്രികൾ സ്ഥാപിച്ചിട്ടുള്ള ഷ്ഡപ്പിൽ വന്നിട്ടുണ്ടായിരുന്നു. ബലൂണിൽ "ഗ്യാസ്"നിറച്ചു ചുവടെ ഒരു കടലാസ്സ് അളുക്കിൽ മെഴുകുതിരി കുളത്തി ബലൂൺ ആകാശത്തിലേയ്ക്കു പറപ്പിച്ച് അതിൻെറ ഗതി യന്ത്രത്തിൽ നോക്കീട്ടാണ് കാലാവസ്ഥ പരിശോധിക്കുന്നത്. അവരെ യാത്ര അയപ്പാൻ ഞാൻ അവരൊന്നിച്ച് രാത്രി വിമാനത്താവളം വരെ പോയിരുന്നു. രാവിലെ ഹോട്ടലിൽ നിന്നു പ്രാതൽ കഴിച്ചശേഷം ഞങ്ങൾ ഷാർജാ വിടുകയും ചെയ്തു. ഞങ്ങളുടെ ഷാർജാ താമസത്തിന്നു യൂറോപ്യൻ ഹോട്ടലിലെ ബിൽ 500കയായിരുന്നു വെന്നറിഞ്ഞു ഞാൻ ഒട്ടുത്ഭുതപ്പെടുകയുണ്ടായി. ഇതുവരെ അറേബ്യൻ മരുഭൂമിയ്ക്കു മീതെ സഞ്ചരിച്ചിരുന്ന ഞങ്ങളുടെ വിമാനം ഞങ്ങളേയും വഹിച്ചു പേർഷ്യൻ ഉൾക്കടലിൻേറയും അറബിക്കടലിൻേറയും മീതെ സഞ്ചരിച്ചുതുടങ്ങി. അലയടിച്ചുകൊണ്ടിരുന്ന ആ മഹാർണ്ണവത്തിൽ അരുണകിരണങ്ങളേററുകൊണ്ടിരുന്നതിനാലുണ്ടായ പ്രതിഫലനം വിപുലകാന്തി

യെ വഷിക്കുന്ന ആഹ്ളാദകരമായ ഒരു കാഴ്ചയായിരുന്നു. കുറെ ഓടിക്കഴിഞ്ഞപ്പോൾ രണ്ടു വ്യോമയാനങ്ങൾ ഞങ്ങൾക്കെതിരായി ഒന്നിന്നു പിന്നിൽ മററൊന്നായി പറന്നു പോകുന്നതും വളരെ കൌതുകകരമായിത്തോന്നി. ഏതാണ്ട് പതിനൊന്ന് മണിയായപ്പോൾ ഇന്ത്യാരാജ്യത്തിൻെറ കരകണ്ടുതുടങ്ങി. താർ മരുപ്രദേശമായതുകൊണ്ട് ഭാരതഭൂമിയിൽ എത്തിയ ഒരു സന്തോഷവികാരം മനസ്സിൽ ഉല്പാദിപ്പിക്കുവാൻ ഈ കാഴ്ചക്കു കഴിഞ്ഞില്ല. കൂടാതെ ഈ ഘട്ടത്തിൽ ഞങ്ങളുടെ പ്ലെയിൻ അത്യുയരത്തിലായിരുന്നു സഞ്ചരിച്ചിരുന്നതു്. ഞങ്ങളുടെ വിമാനം കറാച്ചിക്കടുത്തുതുടങ്ങി. പെട്ടെന്നു കുറെ താഴത്തേയ്ക്കു വിമാനം താണു. കറാച്ചി "ഹാർബറിൽ" ആവിക്കപ്പലുകൾ അണിനിരന്നുനില്ക്കുന്നതു് ഞങ്ങൾക്കു ദൃശ്യമായി. ഏറെത്താമസിയാതെ ഞങ്ങൾ മോറിപ്പൂർ വിമാനത്താവളത്തിൽ ഇറങ്ങി. ഞങ്ങൾക്ക് "പാലസ്സ് ഹോട്ടലി"ൽ താമസത്തിന്നു സൌകര്യപ്പെടുത്തിയിരുന്നുവെങ്കിലും ഞാനും മലയാളി സുഹൃത്തുക്കളും മലയാളികളുടെ വക "കാലിക്കററ് ഹോട്ടലി"ലേയ്ക്കാണ് പോയതു്. കറാച്ചി വിടുന്നതുവരെയും ഞങ്ങൾ മേപ്പടി ഹോട്ടൽ ഉടമസ്ഥൻെറ അതിഥികളായിട്ടാണ് താമസിച്ചതു്. ഇന്ത്യക്കാരായ ഹാജിമാർ മടക്കത്തിന്നു നേരിട്ട താമസത്തെ സംബന്ധിച്ചും അവരുടെ അപ്പോഴത്തെ സ്ഥിതിയെസംബന്ധിച്ചും ഞാൻ പത്രങ്ങളിലേയ്ക്കു് അന്നുതന്നെ ഒരു പ്രസ്താവന നല്കിയിരുന്നു.

ഡിസെമ്പ്ര് 25-ാംതിയ്യതി വൈകുന്നേരം ബോംബായിൽ ജിന്നാസാഹെബിൻെറ ജന്മദിനംസംബന്ധിച്ച് പോ

ത്തുയോഗത്തിൽ സംബന്ധിക്കുവാനുള്ള ഒരു ക്ഷണനം കറാച്ചിയിൽവെച്ചെനിക്കു ലഭിക്കുകയുണ്ടായി. പക്ഷെ, കറാച്ചിയിലുണ്ടായ താമസം ഹേതുവായി ഇതിൽ എനിക്കു പങ്കെടുക്കത്തക്കവണ്ണം ബോംബക്കു പുറപ്പെടുവാൻ തരപ്പെട്ടില്ല. കറാച്ചിയിലെ താമസത്തിന്നിടയിൽ പല മലയാളികളുടേയും ക്ഷണനം സ്വീകരിച്ചു് അവരുടെ വ്യാപാരകേന്ദ്രങ്ങൾ സന്ദർശിക്കുകയും സേത്ത യൂസുഫാരൂൺ ഒന്നിച്ചു് സിററിമുസ്ലിംലീഗ് ആപ്പീസ്സും പ്രധാനഗവമ്മെണ്ടുമന്ദിരങ്ങളും സന്ദർശിക്കുകയും ചെയ്തിരുന്നു. കൂടാതെ ഞാനൊന്നിച്ചു സഞ്ചരിച്ചിരുന്ന ഒരു സുഹൃത്തിനെ കാണ്മാൻവേണ്ടി "പാലസ്സ് ഹോട്ടലും" വേറെ ഒരു സുഹൃത്തു താമസിച്ചിരുന്ന "കാശ്മീർ ഹോട്ടലും" സന്ദർശിക്കുകയുണ്ടായി.

═══

## 7. കറാച്ചിയിൽനിന്നു് മലബാറിലേക്കു്.

കറാച്ചിയിൽ നിന്നു ഹൈദ്രബാദ് (സിന്ധ്) അഹമ്മദാബാദ് ഈ വഴിക്ക് ട്രെനിലാണു് ഞങ്ങൾ ബോമ്പേക്കു യാത്രചെയ്തതു്. 1947 ജനുവരി 1-ാം തിയ്യതി ബുധനാഴ്ച രാവിലെ 10മണിക്ക് ബോമ്പായിൽ എത്തിച്ചേൎന്നു. ബോമ്പായിൽ കുറച്ചുദിവസത്തെ താമസമുണ്ടായിരുന്നതിനാൽ വിവരത്തിന്നു വീട്ടിലേക്കു കമ്പി അടിക്കുകയും ബോമ്പായിൽനിന്നു പുറപ്പെടുന്ന ദിവസം കാണിച്ചു സെൻട്രൽ സ്റ്റേഷനിലെ എൻകാറി ആപ്പീസ്സിലേക്കു കത്തയക്കുകയും ബോമ്പായിൽ നിന്നു അരിശിക്കർ വഴിയായി പുറപ്പെട്ട് ജനുവരി 10-ാംതിയ്യതി വെള്ളിയാഴ്ച രാവിലെ 11-30ന്നു് മൈസൂരിൽ എത്തുകയും അവിടെ നിന്ന് പിറേറദിവസം പുറപ്പെട്ടു് അന്നുതന്നെ അതായതു് ജനുവരി 11-ാംതിയ്യതി ശനിയാഴ്ച വൈകുന്നേരം സ്വദേശത്തു തിരിച്ചെത്തുകയും ചെയ്തു.

സ്വദേശത്തു നിന്നു പുറപ്പെട്ടു കാളവണ്ടി, തീവണ്ടി, സ്റ്റീമർ, സ്റ്റീംബോട്ട്, കാർ, വാൻ, വിമാനം, ബസ്സ്, ലോറി, ജീപ്പ്, മെട്ടപ്പ്, മരുക്കപ്പൽ, അറബിക്കുതിര, കോവർ കഴുത എന്നീ വാഹനങ്ങളിൽ കരയിലും, കടലിലും, കാററിലും സഞ്ചരിച്ചു 2652 മണിക്കൂറുകൾക്ക്ശേഷം തിരികെ എത്തുമെന്ന യാതൊരു ആശയൊ വിശ്വാസമൊ ഇല്ലാതെ

വീട്ടിൽ നിന്നു തിരിച്ച ഞാൻ വീണ്ടും തിരിച്ചെത്തി ബന്ധുമിത്രാദികളോടു ചേരുവാൻ കരുണാനിധിയും ദയാലുവുമായ സൃഷ്ടികർത്താവ് അനുഗ്രഹിച്ചതിന്നു ഇഷ്ടജനതയോടൊപ്പം ഞാനും പരമകാരുണികനെ സ്തോത്രം ചെയ്തു.

സമാപ്തം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 910 Acc. No. 13300

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

910 13300

മൊയ്തു ഹാജി. പി

ഞാൻ കണ്ട അറേബ്യ

KOTTAYAM PUBLIC LIBRARY

Call No. 910 Acc. No. 13300

Author മൊയ്തുഹാജി. പി

Title ഞാൻ കണ്ട അറേബ്യാ

Indic Digital Archive Foundation

gpura.org